# പത്രാധിപക്കുറിപ്പ്

## മാതാ ഭൂമിഃ പുത്രോഹം പൃഥിവ്യാഃ

ആചരിക്കുവാൻ നമുക്ക് എത്രയെത്ര ദിനങ്ങളാണ്. ഇതെല്ലാം വെറും ആചരണങ്ങളായി മാത്രം മാറുകയല്ലേ എന്നതല്ലേ സത്യം. പ്രകൃതി സംരക്ഷണവും പോഷണവും നമ്മുടെയെല്ലാം കടമയാണെന്നത് വർഷത്തിൽ ഒരു ദിവസം നടത്തുന്ന പ്രസംഗങ്ങളിലൂടെയും മരംനടലിലൂടെയും നമുക്ക് വരുംതലമുറയെ ബോദ്ധ്യപ്പെടുത്താനാവുമോ? അത് അവരുടെ ഒരു സ്വഭാവമായി മാറിയാലേ സാർത്ഥകമായ ഫലം അതുകൊണ്ട് ഉണ്ടാവാനിടയുള്ളൂ.

പ്രകൃതിസ്നേഹം സ്കൂളിൽ നിന്നാണോ അതോ വീട്ടിൽ നിന്നാണോ തുടങ്ങേണ്ടത് എന്നും ചിന്തിക്കേണ്ടതുണ്ട്. പരിശീലനം വീട്ടിൽനിന്ന് തുടങ്ങിയാൽ മാത്രമേ തനിക്കു ചുറ്റുമുള്ള പ്രകൃതിയോടുള്ള നിസ്സീമമായ സ്നേഹവായ്പ് കുട്ടികളിൽ ദൃഢമൂലമാകുകയുള്ളൂ. ഈ അവസരത്തിൽ കാളിദാസൻ വർണ്ണിക്കുന്ന പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തിന്റെ ഒരു വാങ്മയചിത്രം നമുക്കൊന്ന് കണ്ടുനോക്കാം.

**പാതും ന പ്രഥമം വ്യവസ്യതി ജലം യുഷ്മാസ്വപീതേഷു യാ**
**നാദത്തേ പ്രിയമണ്ഡനാപി ഭവതാം സ്നേഹേന യാ പല്ലവം**
**ആദ്യേ വഃ കുസുമപ്രസൂതിസമയേ യസ്യാ ഭവത്യുത്സവഃ**
**സേയം യാതി ശകുന്തളാ പതിഗൃഹം സർവൈരനുജ്ഞായതാം**

കണ്വാശ്രമപരിസരത്തുള്ള മൃഗങ്ങൾക്കും മുമ്പായി ശകുന്തള ഒരിക്കലും ജലപാനം ചെയ്യില്ല. അതീവ അലങ്കാരപ്രിയയാണെങ്കിലും ഒരൊറ്റ തളിരുപോലും അവൾ നുള്ളില്ല. വൃക്ഷലതാദികൾ പൂക്കുമ്പോൾ ശകുന്തളയ്ക്ക് അതൊരു ഉത്സവമാണ്. അങ്ങനെയുള്ള ശകുന്തളയ്ക്ക് പതിഗൃഹത്തിലേയ്ക്കുള്ള യാത്രാനുമതി നൽകുവാൻ കണ്വമഹർഷി പ്രകൃതിയോട് അഭ്യർത്ഥിക്കുകയാണ്.

ഇവിടെ താനും പ്രകൃതിയും ഒരൊറ്റ കുടുംബത്തിലെ അംഗങ്ങളായി കരുതി ശകുന്തള സഹോദരസ്നേഹവും മാതൃസ്നേഹവും പ്രകടിപ്പിക്കുന്നു. അതുകൊണ്ടുതന്നെ കണ്വാശ്രമത്തിലെ മാനുകളോടു മാത്രമല്ല ഓരോ പുൽനാമ്പുകളോടും വികാരനിർഭരയായാണ് ശകുന്തള യാത്രചോദിക്കുന്നത്. അത്തരത്തിൽ ആഴമാർന്ന ഒരു പാരസ്പര്യത്തിലേക്ക് നടന്നടുക്കാൻ ഇന്നത്തെ ആധുനിക വിദ്യാഭ്യാസത്തിലൂടെ നമുക്ക് സാധിക്കുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടതാണ്. കേവലം ദിനാചരണങ്ങളിൽ ഒതുക്കാതെ പ്രകൃതി ചെയ്യുന്ന ഉപകാരങ്ങൾക്കുള്ള കടംവീട്ടലായി കരുതി പ്രകൃതിസംരക്ഷണം നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമാക്കുകയല്ലേ കൂടുതൽ അഭികാമ്യമായത്.

പുസ്തകം 4 ലക്കം 14
ഏപ്രിൽ - ജൂൺ 2015

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
അജിതൻ പി.ഐ.
വിഷ്ണു ആനന്ദ് എൻ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീകാന്ത് സി.

പുറംചട്ട രൂപകല്പന
ഉണ്ണികൊണ്ടമറുക്.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. വിഷ്ണുസ്തുതി
2

2. ലളിതാസഹസ്രനാമം
വ്യാഖ്യാനം - 14
6

3. നന്ദികേശ്വര കാശികാ
വ്യാഖ്യാനം - 10
9

4. സംസ്കൃതപഠനം - 22
12

7. വാസ്തുശാസ്ത്രത്തിലെ
ഗണിതസിദ്ധാന്തം - 2
19

8. ഭഗവദ്ഗീത - ഒരു പുനർവായന - 2
25

9. കുട്ടികളുടെ വാല്മീകി രാമായണം - 2
28

11. വേദാർത്ഥവിചാരം - 2
30

12. ഔഷധസസ്യങ്ങൾ - 8
കണിക്കൊന്ന
31

മുഖചിത്രം

ദേവതാ : ദുർഗ്ഗാ മഹാഗൗരീ

# വിഷ്ണുസ്തുതി

സമ്പാദക : അപർണ്ണാദേവി

പ്രസീദ ഭഗവൻ വിഷ്ണോ പ്രസീദ പുരുഷോത്തമ
പ്രസീദ ദേവദേവേശ പ്രസീദ ഗരുഡധ്വജ........................................1

പ്രസീദ വിഷ്ണോ ലക്ഷ്മീശ പ്രസീദ ധരണീധര
പ്രസീദ ലോകാനാഥാദ്യ പ്രസീദ പരമേശ്വര................................. 2

പ്രസീദ സർവ്വദേവേശ പ്രസീദ കമലേക്ഷണ
പ്രസീദ മന്ദരധര പ്രസീദ മധുസൂദന .................................................... 3

പ്രസീദ സുഭഗാകാന്ത പ്രസീദ ഭുവനാധിപ
പ്രസീദാദ്യ മഹാദേവ പ്രസീദ മമ കേശവ..................................... 4

ജയ കൃഷ്ണ ജയാചിന്ത്യ ജയ വിഷ്ണോ ജയാവ്യയ
ജയ വിശ്വ ജയാവ്യക്ത ജയ വിഷ്ണോ നമോസ്തു തേ ..................... 5

ജയ ദേവ ജയാജേയ ജയ സത്യ ജയാക്ഷര
ജയ കാല ജയേശാന ജയ സർവ്വ നമോസ്തു തേ........................... 6

ജയ ജജ്ഞപതേ നാഥ ജയ വിശ്വപതേ വിഭോ
ജയ ഭൂതപതേ നാഥ ജയ സർവപതേ വിഭോ............................... 7

ജയ വിശ്വപതേ നാഥ ജയ ദക്ഷ നമോസ്തു തേ
ജയ പാപഹരാനന്ത ജയ ജന്മജരാപഹ .......................................... 8

ജയ ഭദ്രാതിഭദ്രേശ ജയ ഭദ്ര നമോസ്തു തേ
ജയ കാമദ കാകുത്സ്ഥ ജയ മാനദ മാധവ.................................... 9

ജയ ശങ്കര ദേവേശ ജയ ശ്രീശ നമോസ്തു തേ
ജയ കുങ്കുമരക്താഭ ജയ പങ്കജലോചന.............................................10

ജയ ചന്ദനലിപ്താങ്ഗ ജയ രാമ നമോസ്തു തേ
ജയ ദേവ ജഗന്നാഥ ജയ ദേവകിനന്ദന.......................................... 11

ജയ സർവ്വഗുരോ ജ്ഞേയ ജയ ശംഭോ നമോസ്തു തേ
ജയ സുന്ദര പദ്മാഭ ജയ സുന്ദരിവല്ലഭ
ജയ സുന്ദരസർവ്വാംഗ ജയ വന്ദ്യ നമോസ്തു തേ.............................12

ജയ സർവ്വദ സർവ്വേശ ജയ ശർമദ ശാശ്വത
ജയ കാമദ ഭക്താനാം പ്രഭവിഷ്ണോ നമോസ്തു തേ........................13

നമഃ കമലനാഭായ നമഃ കമലമാലിനേ
ലോകനാഥ നമസ്തേ വീരഭദ്ര നമോസ്തു തേ....................................14

നമസ്ത്രൈലോക്യനാഥായ ചതുർമൂർതേ ജഗത്പതേ
നമോ ദേവാധിദേവായ നമോ നാരായണായ തേ......................15

നമസ്തേ വാസുദേവായ നമസ്തേ പീതവാസസേ
നമസ്തേ നരസിംഹായ നമസ്തേ ശാർങ്ഗധാരിണേ...................16

നമഃ കൃഷ്ണായ രാമായ നമശ്ചക്രായുധായ ച
നമഃ ശിവായ ദേവായ നമസ്തേ ഭുവനേശ്വര...................................17

നമോ വേദാന്തവേദ്യായ നമോനന്തായ വിഷ്ണവേ
നമസ്തേ സകലാദ്ധ്യക്ഷ നമസ്തേ ശ്രീധരാച്യുത............................18

ലോകാദ്ധ്യക്ഷ ജഗത്പൂജ്യ പരമാത്മൻ നമോസ്തു തേ
ത്വം മാതാ സർവ്വലോകാനാം ത്വമേവ ജഗതഃ പിതാ................19

ത്വമാർതാനാം സുഹൃന്മിത്രം പ്രിയസ്ത്വം പ്രപിതാമഹഃ
ത്വം ഗുരുസ്ത്വം ഗതിഃ സാക്ഷീ ത്വം പതിസ്ത്വം പരായണഃ.........20

ത്വം ധ്രുവസ്ത്വം വഷട്കർതാ ത്വം ഹവിസ്ത്വം ഹുതാശനഃ
ത്വം ശിവസ്ത്വം വസുർധാതാ ത്വം ബ്രഹ്മാ ത്വം സുരേശ്വരഃ.......21

ത്വം യമസ്ത്വം രവിർവായുസ്ത്വം ജലം ത്വം ധനേശ്വരഃ
ത്വം മനുസ്ത്വമഹോരാത്രം ത്വം നിശാ ത്വം നിശാകരഃ
ത്വം ധൃതിസ്ത്വം ഭിയഃ കാന്തിസ്ത്വം ക്ഷമാ ത്വം ധരാധരഃ........... 22

ത്വം കർതാ ജഗതാമീശസ്ത്വം ഹന്താ മധുസൂദന
ത്വമേവ ഗോപ്താ സർവ്വസ്യ ജഗതസ്ത്വം ചരാചര......................... 23

കരണം കാരണം കർതാ ത്വമേവ പരമേശ്വരഃ
ശംഖചക്രഗദാപാണേ ഭോ സമുദ്ധര മാധവ................................. 24

പ്രിയ പദ്മപലാശാക്ഷ ശേഷപര്യങ്കശായിനം
ത്വാമേവ ഭക്ത്യാ സതതം നമാമി പുരുഷോത്തമം ..................... 25

ശ്രീവത്സാങ്കം ജഗത്ബീജം ശ്യാമളം കമലേക്ഷണം
നമാമി തേ വപുർദേവ കലികല്മഷനാശനം................................. 26

ലക്ഷ്മീധരമുദാരാംഗം ദിവ്യമാലാവിഭൂഷിതം
ചാരുപൃഷ്ഠം മഹാബാഹും ചാരുഭൂഷണഭൂഷിതം ........................ 27

പദ്മനാഭം വിശാലാക്ഷം പദ്മപത്രനിഭേക്ഷണം
ദീർഘതുങ്ഗമഹാഘ്രാണം നീലജീമൂതസന്നിഭം ...................... 28

ദീർഘബാഹും സുഗുപ്താംഗം രത്നഹാരോജ്ജ്വലോരസം
സുഭ്രൂലലാടമുകുടം സ്നിഗ്ധദന്തം സുലോചനം ............................... 29

ചാരുബാഹും സുതാമ്രോഷ്ഠം രത്നോജ്ജ്വലിതകുണ്ഡലം
വൃത്തകണ്ഠം സുപീനാംസം സരസം ശ്രീധരം ഹരിം ................ 30

സുകുമാരമജം നിത്യം നീലകുഞ്ചിതമൂർധജം
ഉന്നതാംസം മഹോരസ്കം കർണാന്തായതലോചനം ................ 31

ഹേമാരവിന്ദവദനമിന്ദിരായനമീശ്വരം
സർവ്വലോകവിധാതാരം സർവ്വപാപഹരം ഹരിം..................... 32

സർവ്വലക്ഷണസമ്പന്നം സർവ്വസത്ത്വമനോരമം
വിഷ്ണുമച്യുതമീശാനമനന്തം പുരുഷോത്തമം ................................ 33

നതോസ്മി മനസാ നിത്യം നാരായണമനാമയം
വരദം കാമദം കാന്തമനന്തം സൂനൃതം ശവം ................................ 34

നമാമി ശിരസാ വിഷ്ണോ സദാ ത്വം ഭക്തവത്സല
അസ്മിന്നേകാർണവേ ഘോരേ വായുസ്കംഭിതചഞ്ചലേ............ 35

അനന്തഭോഗശയനേ സഹസ്രഫണശോഭിതേ
വിചിത്രശയനേ രമ്യേ സേവിതേ മന്ദവായുനാ............................ 36

ഭുജപഞ്ജരസംസക്തകമലാലയസേവിതം
ഇഹ ത്വാം മനസാ സർവ്വമിദാനീം ദൃഷ്ടവാനഹം...................... 37

ഇദാനീം തു സുദുഃഖാർതോ മായയാ തവ മോഹിതഃ
ഏകോദകേ നിരാലംബേ നഷ്ടസ്ഥാവരജംഗമേ........................ 38

ശൂന്യേ തമസി ദുഷ്പാരേ ദുഃഖപങ്കനിരാമയേ
ശീതാതപജരാരോഗശോകതൃഷ്ണാദിഭിഃ സദാ .............................. 39

പീഡിതോസ്മി ഭൃശം താത സുചിരം കാലമച്യുത
ശോകമോഹഗ്രഹഗ്രസ്തോ വിചരൻ ഭവസാഗരേ........................ 40

ഇഹാദ്യ വിധിനാ പ്രാപ്തസ്തവ പാദാബ്ജസന്നിധൗ
ഏകാർണവേ മഹാഘോരേ ദുസ്തരേ ദുഃഖപീഡിതഃ....................41

ചിരഭ്രമപരിശ്രാന്തസ്ത്വാമദ്യ ശരണം ഗതഃ
പ്രസീദ സുമഹാമായ വിഷ്ണോ രാജീവലോചന.......................... 42

വിശ്വയോനേ വിശാലാക്ഷ വിശ്വാത്മൻ വിശ്വസംഭവ
അനന്യശരണം പ്രാപ്തമതോത്ര കുലനന്ദന.................................. 43

ത്രാഹി മാം കൃപയാ കൃഷ്ണ ശരണാഗതമാതുരം
നമസ്തേ പുണ്ഡരീകാക്ഷ പുരാണപുരുഷോത്തമ .......................... 44

അഞ്ജനാഭ ഹൃഷീകേശ മായാമയ നമോസ്തു തേ
മാമുദ്ധര മഹാബാഹോ മഗ്നേ സംസാരസാഗരേ........................ 45

ഗഹ്വരേ ദുസ്തരേ ദുഃഖക്ലിഷ്ടേ ക്ലേശമഹാഗ്രഹൈഃ
അനാഥം കൃപണം ദീനം പതിതം ഭവസാഗരേ
മാം സമുദ്ധര ഗോവിന്ദ വരദേശ നമോസ്തു തേ ............................ 46

നമസ്ത്രൈലോക്യനാഥായ ഹരയേ ഭൂധരായ ച
ദേവദേവ നമസ്തേസ്തു ശ്രീവല്ലഭ നമോസ്തു തേ............................... 47

കൃഷ്ണ കൃഷ്ണ കൃപാലുസ്ത്വമഗതീനാം ഗതിർഭവാൻ
സംസാരാർണവമഗ്നാനാം പ്രസീദ മധുസൂദന............................. 48

ത്വാമേകമാദ്യം പുരുഷം പുരാണം
ജഗത്പതിം കാരണമച്യുതം പ്രഭും
ജനാർദനം ജന്മജരാർതിനാശനം
സുരേശ്വരം സുന്ദരമിന്ദിരാപതിം ..................................................... 49

ബൃഹദ്ഭുജം ശ്യാമളകോമളം ശുഭം
വരാനനം വാരിജപത്രനേത്രം
തരംഗഭംഗായതകുന്തളം ഹരിം
സുകാന്തമീശം പ്രണതോസ്മി ശാശ്വതം ....................................... 50

സാ ജിഹ്വാ യാ ഹരിം സ്തൗതി തച്ചിത്തം യത്ത്വദർപിതം
താവേവ കേവലൗ ശ്ലാഘ്യൗ യൗ ത്വത്പൂജാകരൗ കരൗ .......51

ജന്മാന്തരസഹസ്രേഷു യന്മയാ പാതകം കൃതം
തന്മേ ഹര ത്വം ഗോവിന്ദ വാസുദേവേതി കീർതനാത്........... 52

# ലളിതാസഹസ്രനാമം വ്യാഖ്യാനം – 14

വ്യാഖ്യാനം : എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

ചിന്താമണിഗൃഹാന്തസ്ഥാ, പഞ്ചബ്രഹ്മാസനസ്ഥിതാ എന്ന രണ്ട് നാമങ്ങളെ ഒന്നുംകൂടി വിശകലനം ചെയ്യാം.

**ചിന്താമണിഗൃഹത്തിന്റെ ഉള്ളിലിരിക്കുന്നവൾ**
**ചിന്താമണിഗൃഹത്തിന്റെ പുറത്തിരിക്കുന്നവൾ**

അന്ത എന്ന ശബ്ദത്തിന് ഉള്ളിലെന്നും അവസാനം എന്നും അർത്ഥമുള്ളതിനാൽ ചിന്താമണിഗൃഹത്തിന്റെ ഉള്ളിലിരിക്കുന്നവൾ, ചിന്താമണിഗൃഹത്തിന്റെ അവസാനം അതായത് പുറത്ത് ഇരിക്കുന്നവൾ എന്നീ രണ്ടർത്ഥങ്ങൾ വന്നുചേരുന്നു. ചിന്തിക്കുന്നതും ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതുമായ രത്നം (മണി) ആണ് ഈ ഗൃഹം. അതിനുള്ളിൽ ഇരിക്കുന്നതായ ദേവിയിൽനിന്നാണ് നമ്മുടെ ചിന്തകൾ വരുന്നതും ദേവിയാണ് ചിന്തിക്കാൻ നമ്മളെ പ്രേരിപ്പിക്കുന്നതും. ചിന്തയില്ലെങ്കിൽ ഈ പ്രപഞ്ചമില്ല. ചിന്തകൾകൊണ്ട് ഉണ്ടാകുന്ന ബന്ധങ്ങളുടെയും ബന്ധനങ്ങളുടെതുമായ നമ്മുടെ ഈ ലോകത്തെ നിയന്ത്രിക്കുന്നത് ദേവിയാണ്. ചിന്തിക്കുന്ന മണി ചിന്താമണി. ചിന്തിക്കുന്നത് ബുദ്ധിയാണ്. ആ ബുദ്ധിയെ പ്രേരിപ്പിക്കുന്നതും നിയന്ത്രിക്കുന്നതുമായ ദേവി ചിന്താരത്നമാകുന്ന നമ്മുടെ ബുദ്ധിയിലിരിക്കുന്നവളും പുറത്തിരിക്കുന്നവളുമാണ്. മാത്രമല്ല, ചിന്തിക്കുന്നതെന്തും തരുന്ന മണിയാണ്. സർവ്വാഭീഷ്ടപ്രദായിനിയാണെന്നർത്ഥം.

## ചിന്തയ്ക്ക് അതീതമായിരിക്കുന്നവൾ

ചിന്തകളെ അകറ്റുന്ന മണിയാൽ നിർമ്മിതമായ ഗൃഹത്തിലിരിക്കുന്നവൾ എന്നർത്ഥം. ദേവി ചിന്തയ്ക്ക് അതീതയാണെന്നർത്ഥം. സഹസ്രനാമം അർത്ഥസഹിതം ധ്യാനിച്ചാൽ മനസ്സ് നിശ്ചലമാകുകയും തുടർന്ന് ശ്വാസം നിശ്ചലമാകുകയും ചെയ്യും. അപ്പോൾ ചിന്തരഹിതമായ അവസ്ഥയിലെത്തും. അങ്ങനെ ഭക്തൻ ചിന്താമണിഗൃഹത്തിലെത്തുന്നു. മൂലാധാരാദി ഷഡ്ചക്രങ്ങൾക്കുമുപരിയുള്ള ഈ ചിന്താമണിഗൃഹത്തിലെത്തുമ്പോഴാണ് ദേവിയെ കാണുമാറാകുക. ചിന്താമണിഗൃഹത്തിലെത്തുമ്പോഴാണ് പഞ്ചബ്രഹ്മാസനസ്ഥയായ ദേവിയുടെ ദർശനം ലഭിക്കുക.

## പഞ്ചബ്രഹ്മവും പഞ്ചപ്രേതവും ഒന്ന്

ബ്രഹ്മാവ് മൂലാധാരാധിപതിയും വിഷ്ണു സ്വാധിഷ്ഠാധിപതിയും രുദ്രൻ മണിപൂരകാധിപതിയും ഈശ്വരൻ അനാഹതാധിപതിയും സദാശിവൻ വിശുദ്ധ്യാധിപതിയുമാണ്. ഭ്രൂമദ്ധ്യമായിട്ടുള്ള ആജ്ഞാചക്രം അർദ്ധനാരീശ്വരന്റെ

സ്ഥാനവുമാണ്. ആ ഭ്രൂമദ്ധ്യത്തിലെ സിംഹാസനത്തിന്റെ മുകളിൽ വച്ചിട്ടുള്ള ഹംസതൂലം (അരയന്നപിടയുടെ തൂവലുകൊണ്ട് ഉണ്ടാക്കിയ) എന്ന മെത്തയിന്മേലാണ് ദേവിയിരിക്കുന്നത്. ശിവശക്തിമാരെ കാണിക്കുന്ന ഹംസം ഇവിടെ അർത്ഥവത്തായി. മനോമണ്ഡലമായിട്ടുള്ള ഭ്രൂമദ്ധ്യത്തിന്റെയും മുകളിൽ അതായത് ആറ് ആധാരചക്രങ്ങളുടെയും മുകളിലുള്ള സിംഹാസനത്തിന്മേൽ വച്ചിട്ടുള്ള ഹംസത്തൂവലിന്റെ മെത്തയിലാണ് ദേവിയുടെ ഇരിപ്പ്. പ്രാണൻ ഈ ആറ് ആധാരചക്രങ്ങളെയും മറികടന്ന് സഹസ്രാരപദ്മത്തിലെത്തുമ്പോൾ അതിന്റെ താഴെയുള്ള ആധാരചക്രങ്ങളെല്ലാം മരവിച്ചുപോകുമെന്ന് യോഗശാസ്ത്രം പറയുന്നു. പ്രാണൻ ഓരോ ചക്രങ്ങളെയും ഭേദിച്ച് മുകളിലേയ്ക്ക് നീങ്ങുമ്പോൾ അടിയിലടിയിലുള്ള ചക്രങ്ങൾ മരവിച്ചുപോകുമ്പോൾ ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ, ഈശ്വരൻ, സദാശിവൻ എന്നിവരെല്ലാം പ്രേതങ്ങളായിത്തീരും. ഇവിടം വിട്ട് പോയതെല്ലാം (ഇല്ലാതായതെല്ലാം – മരിച്ചവരെല്ലാം) പ്രേതങ്ങളാണല്ലോ. അങ്ങനെ ഈ ചക്രങ്ങളുടെയെല്ലാം അതായത് ബ്രഹ്മവിഷ്ണുരുദ്രാദികളുടെയെല്ലാം മുകളിലായി സഹസ്രാരപദ്മത്തിലെത്തുമ്പോൾ കാണുവാൻ സാധിക്കുന്നവൾ മഹാത്രിപുരസുന്ദരിയാണ്. അതായത് ദേവിയുടെ നാമം 'പഞ്ചബ്രഹ്മാസനസ്ഥിതാ' എന്ന്. ഈ ദേവിയെ കാണാൻ ഈ സഹസ്രനാമം മനസ്സിരുത്തി വായിച്ചാൽ മതിയെന്ന് സഹസ്രനാമംതന്നെ അടിവരയിട്ട് പറയുന്നു. ഇങ്ങനെ ദേവിയെ കണ്ടു. ഇനി ദേവിയുടെ ചുറ്റുപാടുകളെക്കുറിച്ച് വർണ്ണിക്കുകയാണ്.

### 23. മഹാപദ്മാടവീസംസ്ഥാ കദംബവനവാസിനീ
### സുധാസാഗരമധ്യസ്ഥാ കാമാക്ഷീ കാമദായിനീ

**മഹാപദ്മാടവീസംസ്ഥാ** = മഹത്തായിരിക്കുന്ന താമരക്കാടിനുള്ളിൽ ഇരിക്കുന്നവൾ

ദേവിയിരിക്കുന്ന സ്ഥലം താമരക്കാടുകളുടെ സമൂഹമാണ്. അനവധി താമരകൾക്കിടയിലിരിക്കുന്നതായി ഭാവന ചെയ്യാം. സഹസ്രാരപദ്മത്തിൽ അനവധി ദളങ്ങളുണ്ടെന്ന് യോഗശാസ്ത്രം പറയുന്നു. ധാരാളം ദളങ്ങളുള്ള ശ്രീചക്രത്തിലേയ്ക്ക് ദേവിയെ ആവാഹിക്കുമ്പോൾ ചൊല്ലുന്ന "മഹാപദ്മവനാന്തസ്ഥേ കാരണാനന്ദവിഗ്രഹേ' എന്ന മന്ത്രമിവിടെ പ്രസക്തമാണ്.

ഈ താമരയിതളുകൾ ഓരോ ബുദ്ധികോശങ്ങളാണ്. തലച്ചോറിനകത്ത് ധാരാളം കോശങ്ങൾ (ന്യൂറോൺസ്) ഉണ്ട്. ഇവയിൽ 5% മുതൽ 10% വരെ മാത്രമേ ഒരു ശരാശരി മനുഷ്യനിൽ പ്രവർത്തിക്കുകയുള്ളൂ. ആൽബർട്ട് ഐൻസ്റ്റീൻ തുടങ്ങിയ ജീനിയസ്സുകളിൽ അത് 35% മുതൽ 45% വരെ പ്രവർത്തിക്കുമെന്ന് ആധുനികശാസ്ത്രം പറയുന്നു. അപ്പോഴും 50 ശതമാനം പ്രവർത്തനരഹിതമാണ്. എന്നാൽ ദേവീദർശനത്താൽ എല്ലാ ദളങ്ങളും ഉണരുകയും പ്രവർത്തിച്ച് തുടങ്ങുകയും ചെയ്യും. ശാരീരികമായ അനുഭവം ഉണ്ടാവുകതന്നെ ചെയ്യും. പത്തുശതമാനംവരെ കോശങ്ങൾ ഉണർന്നു കഴിയുമ്പോഴുള്ള ബോധത്തെയാണ് ഇപ്പോൾ 'ഞാൻ'

എന്നു വിളിക്കുന്നത്. അങ്ങനെയിരിക്കെ നൂറുശതമാനം കോശങ്ങൾ ഉണർന്നാൽ നമ്മുടെ ബോധം വികസിതമാകും എന്നത് സത്യവിരുദ്ധമല്ല. ഇപ്രകാരം നമ്മുടെ ബോധത്തെ വികസിപ്പിക്കുന്ന ശാസ്ത്രമാണ് തന്ത്രം. തന്യതേ വിസ്താര്യതേ ഇതി തന്ത്രം. 'തനു' എന്ന ധാതുവിൽനിന്നാണ് 'തന്ത്രം' എന്ന പദത്തിന്റെ നിഷ്പത്തി. 'തൻ' എന്നതിന് വിസ്തരിപ്പിക്കുന്നത് എന്നർത്ഥമുണ്ട്. 'തനു' എന്നതിന് ശരീരമെന്നും അർത്ഥമുണ്ട്. അതുകൊണ്ട് ശരീരത്തിലിരിക്കുന്ന എന്തോ ഒന്നിനെ വിസ്തരിപ്പിക്കുന്നത് മൂക്കോ ചെവിയോ ആകാൻ തരമില്ല. പിന്നെ അത് നമ്മുടെ ബോധവും കോശവുമാണ്. അങ്ങനെ ലളിതാസഹസ്രനാമം അർത്ഥസഹിതം മനസ്സിരുത്തി ജപിച്ചാൽ നമ്മുടെ ബോധകോശങ്ങൾ സകലതും (100%) വകസിതമാകും. 100% വികസിതമായ ഈ ബോധം പ്രപഞ്ചബോധമാകുന്നു. ആ പ്രപഞ്ചബോധമാകുന്നതും വികസിതുമായ അനവധി താമരദളങ്ങൾക്കിടയിൽ നമുക്ക് സർവ്വാകർഷണിയായ മഹാത്രിപുരസുന്ദരിയെ കാണാൻ സാധിക്കും. ഈ ദേവിയുടെ നാമമാണ് 'മഹാപദ്മാടവീസംസ്ഥാ' എന്നത്.

**കദംബവനവാസിനീ** = കടമ്പിൻ വനത്തിൽ വസിക്കുന്നവൾ

ചിന്താമണിഗൃഹത്തിനു ചുറ്റും കടമ്പിന്റെ കാടുകളുണ്ടെന്ന് ലളിതോപാഖ്യാനത്തിൽ പറയുന്നുണ്ട്. വിവിധരീതികളിൽ സഹസ്രാരപദ്മത്തെ വർണ്ണിക്കുകയാണ്. കടമ്പുവൃക്ഷത്തിന്റെ പൂക്കുലകൾ ദേവി ചെവിയിൽ അലങ്കാരത്തിനുവേണ്ടി വയ്ക്കുന്നതായും ലളിതോപാഖ്യാനാദികളിൽ പറയുന്നുണ്ട്.

**സുധാസാഗരമധ്യസ്ഥാ** = അമൃതക്കടലിൻ നടുക്കിരിക്കുന്നവൾ.

നമ്മുടെ പ്രാണശക്തി (കുണ്ഡലിനി) സഹസ്രാരപദ്മത്തിലെത്തി അവിടെയുള്ള ബോധവുമായി മേളിച്ച് കഴിയുമ്പോൾ നമ്മുടെ അല്പബോധം വികസിക്കും. തത്സമയം നമ്മൾ മരണമില്ലാത്ത അവസ്ഥയിലെത്തുകയും ചെയ്യും. എന്നാൽ നമുക്കിപ്പോൾ മരണമുണ്ടെന്ന് തോന്നുന്നു. അതിനു കാരണം, ശരീരംതന്നെയാണ് നമ്മൾ എന്ന് മനസ്സിലാക്കുന്നതുകൊണ്ടാണ്. നാമീ ശരീരമാണെന്ന അറിവിനെ വികസിപ്പിച്ച് ഈ പ്രപഞ്ചം മുഴുവനും എന്റെ ശരീരമാണെന്ന ബോധത്തിലേയ്ക്ക് നമുക്ക് എത്തിച്ചേരുവാൻ സാധിക്കും. അതാണല്ലോ 'പ്രപഞ്ചം ശരീരഃ' എന്ന് ശിവസൂത്രത്തിലുള്ളത്. ആ സ്ഥിതിയിലെത്തിയാൽ നമുക്ക് ഓരോരുത്തർക്കും മരണമില്ല എന്ന് അനുഭവിച്ചറിയാൻ സാധിക്കും. ശരീരകോശങ്ങളായിട്ട് നാം നമ്മളെ തിരിച്ചറിയുമ്പോൾ മാത്രമേ കോശങ്ങളുടെ മരണം നമ്മുടെ മരണമായി കണക്കാക്കാൻ സാധിക്കൂ. പ്രപഞ്ചം മുഴുവൻ തന്റെ ശരീരമെന്ന് തിരിച്ചറിയുന്നവന് പല കോശങ്ങൾ മാത്രമായിട്ടുള്ള ശരീരത്തിന്റെ നാശം സ്വന്തം മരണമായി കാണുകയുമില്ല. അങ്ങനെ അനുഭവപ്പെടുകയുമില്ല. അങ്ങനെ അയാൾ അമൃതത്വത്തിലേക്ക് പോകും. അതുകൊണ്ടാണ് അമൃതക്കടലിൻ നടുക്കാണ് ദേവിയിരിക്കുന്നത് (സുധാസാഗരമധ്യസ്ഥാ) എന്നു പറയുന്നത്. ആ അവസ്ഥയിൽ നമുക്ക് ദേവിയെ അങ്ങനെ കാണാൻ സാധിക്കും. അതിന് ഈ സഹസ്രനാമം മനസ്സിരുത്തി വായിച്ചാൽ മതി.

### മരണമുണ്ടെന്ന തോന്നലിന് കാരണം മായാ

അമൃതക്കടലിലിരിക്കുന്ന ദേവിയുടെ ദർശനം എന്നുവച്ചാൽ നാം ദേവിതന്നെയാണെന്ന (മരണമില്ലാത്ത അവസ്ഥയിലാണ് നാം എന്ന) തിരിച്ചറിവാണ്. അതായത് നാം ഇപ്പോഴും മരണമില്ലാത്ത അവസ്ഥയിലാണിരിക്കുന്നത്. പക്ഷേ, മായ കാരണം നാമത് അറിയുന്നില്ല എന്നുമാത്രം. അളക്കാൻ സാധിക്കാത്തതിനെ അളന്ന് കാണിക്കുന്നതും മരണമില്ലാത്തതിനെ മരിപ്പിച്ചു കാണിക്കുന്നതുമാണ് മായാ. മീയതേ അനേന ഇതി മായാ. അതുകൊണ്ട് യഥാർത്ഥത്തിൽ നാമെല്ലാം അമൃതാവസ്ഥയിലാണ്; മറിച്ചുള്ള തോന്നൽ മായ മാത്രമാണ്.

(തുടരും)

## നന്ദികേശ്വര കാശികാ – 10

വ്യാഖ്യാനം : ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

**സൂത്രം 7**
**ഞ മ ങ ണ നമ്**

18. **ശബ്ദസ്പർശരൂപരസ-**
**ഗന്ധാശ്ച ഞ മ ങ ണ നമ്.**
**വ്യോമാദീനാം ഗുണാ ഹ്യേതേ**
**ജാനീയാത് സർവവസ്തുഷു.**

| | | |
|---|---|---|
| ഞ മ ങ ണ നമ് | – | ഞ മ ങ ണ നമ് എന്നിവ |
| ശബ്ദസ്പർശൗ | – | ശബ്ദസ്പർശങ്ങളും |
| രൂപരസഗന്ധാഃ ച | – | രൂപരസഗന്ധങ്ങളും |
| (ഭവന്തി) | – | ആകുന്നു |
| ഏതേ ഹി | – | ഇവ എന്തെന്നാൽ |
| സർവവസ്തുഷു | – | എല്ലാ വസ്തുക്കളിലും |
| വ്യോമാദീനാം | – | ആകാശാദികളുടെ |
| ഗുണാഃ (ഇതി) | – | ഗുണങ്ങൾ എന്ന് |
| ജാനീയാത് | – | മനസ്സിലാക്കണം (അറിയണം) |

മാഹേശ്വരസൂത്രങ്ങളിലെ 18-ാമത്തെ സൂത്രത്തിൽ വർഗ്ഗാക്ഷരങ്ങളിലെ അഞ്ചാമത്തെ വർണ്ണങ്ങളാണുള്ളത്. ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നിവ തന്മാത്രകളാകുന്നു. ഇവ അഞ്ചെണ്ണമായതുകൊണ്ട് പഞ്ചതന്മാത്രകളാകുന്നു. ഇവയിൽ ശബ്ദത്തെ 'ഞ' എന്ന വർണ്ണവും ഗന്ധത്തെ 'ന' വർണ്ണവും

പ്രതിനിധീകരിക്കുന്നു. മാത്രമല്ല ഇവ ക്രമത്തിൽ അതാത് തന്മാത്രകളുടെ അക്ഷരസ്പന്ദങ്ങളുമാണ്. ആകാശാദി പഞ്ചഭൂതങ്ങളുടെ കാരണങ്ങളുമാണ് ഈ ശബ്ദാദി തന്മാത്രകൾ. ശബ്ദം ആകാശത്തിന്റെയും സ്പർശം വായുവിന്റെയും രൂപം തേജസ്സിന്റെയും രസം ജലത്തിന്റെയും ഗന്ധം പൃഥിവിയുടെയും കാരണങ്ങളും തന്മാത്രകളുമാകുന്നു. മാത്രമല്ല, ശബ്ദാദികൾ ആകാശാദികളുടെ ഗുണങ്ങളുമാകുന്നു. ആകാശത്തിലുള്ള ശബ്ദം എന്ന ഗുണത്തെയും വായുവിലുള്ള സ്പർശം എന്ന ഗുണത്തെയും തേസ്സിലുള്ള രൂപം എന്ന ഗുണത്തെയും ജലത്തിലുള്ള രസം എന്ന ഗുണത്തെയും പൃഥിവിയിലുള്ള ഗന്ധം എന്ന ഗുണത്തെയും ആണ് നാം അതത് ഇന്ദ്രിയങ്ങളാൽ അറിയുന്നത്. ഗന്ധമെന്ന ഗുണമില്ലെങ്കിൽ പൃഥിവിയെന്ന ഭൂതമില്ലതന്നെ. അപ്രകാരം ശബ്ദാദികളായ ഓരോ ഗുണത്തിന്റെയും ഉണ്മയിലാണ് ഓരോ ഭൂതങ്ങളുമെന്നതിനാൽ തന്മാത്രകൾ അവയുടെ കാരണങ്ങളുമാകുന്നു. ആകാശാദിപഞ്ചഭൂതങ്ങളുടെ ഈ ശബ്ദാദിഗുണങ്ങൾ എല്ലാ ജീവജാലങ്ങളിലും വർത്തിക്കുന്നു. മാത്രമല്ല, സകലലോകകാരണഭൂതനായ വർണ്ണരൂപിയായ പുരുഷനിലും ഇവ വർത്തിക്കുന്നു. ഇവയുടെ അക്ഷരസ്പന്ദനങ്ങളാണ് ക്രമത്തിൽ ഞ, മ, ങ, ണ, നമ് എന്നിവ.

**സൂത്രം 8**
**'ഝ ഭഞ്'**

**19. വാക്പാണീ ച ഝ ഭഞാസീ-**
**ദ്വിരാഡ്രൂപചിദാത്മനഃ**
**സർവജന്തുഷു വിജ്ഞേയം**
**സ്ഥാവരാദൗ ന വിദ്യതേ**
**വർഗാണാം തുര്യവർണായേ**
**കർമേന്ദ്രിയമയാ ഹി തേ**

| | | |
|---|---|---|
| സർവ്വജന്തുഷു | – | സകലജന്തുക്കളിലും |
| വിരാഡ്രൂപചിദാത്മനഃ | – | വിരാട് രൂപമാർന്ന ചിദാത്മാവിന്റെ |
| വാക്പാണീ ച | – | വാക്കും പാണിയും |
| ഝഭഞ് | – | "ഝ' 'ഭ' എന്നീ വർണ്ണങ്ങൾ |
| ആസീദ് (ഇതി) | – | ആണ് (എന്ന്) |
| വിജ്ഞേയം | – | മനസ്സിലാക്കണം |
| സ്ഥാവരാദൗ | – | സ്ഥാവരാദികളിൽ |
| ന വിദ്യതേ | – | ഇല്ല |
| യേ | – | യാതൊന്നാണോ |
| വർഗാണാം | – | വർഗ്ഗങ്ങളുടെ |
| തുര്യവർണാഃ (സന്തി) | – | നാലാമത്തെ വർണ്ണങ്ങളാണോ |
| തേ ഹി | – | അവയാകട്ടെ |

കർമേന്ദ്രിയമയാഃ – കർമ്മേന്ദ്രിയങ്ങളാകുന്നു.

സകലജീവജാലങ്ങളിലും വിരാഡ്രൂപിയായ ചിദാത്മാവിന്റെയും വാക്ക്, പാണി എന്നീ ഇന്ദ്രീയങ്ങളെ 'ഞ ഭ ഞ്' എന്ന സൂത്രം പ്രതിനിധാനം ചെയ്യുന്നു. ഈ പ്രപഞ്ചത്തെ മുഴുവനും സ്വന്തം രൂപമായി സ്വീകരിച്ചിരിക്കുന്ന അവസ്ഥയിൽ ചിദാത്മാവായ (ജ്ഞാനസ്വരൂപിയായ) ഈശ്വരന്റെ ഉള്ളിൽനിന്ന് ബഹിർഗമിക്കുന്ന ചലനവിശേഷങ്ങളാണ് വാക്ക്, പാണി എന്നീ രണ്ട് കർമ്മേന്ദ്രിയങ്ങൾ. അതല്ലാതെ സ്ഥൂലമായവയല്ല. ഈ സൂക്ഷ്മചലനങ്ങളുടെ ഘനീഭൂതാവസ്ഥയാണ് എല്ലാ ജന്തുക്കളുടെയും സ്ഥൂലദേഹത്തിൽ കാണുന്ന കർമ്മേന്ദ്രിയങ്ങൾ. സ്ഥാവരങ്ങളായവയിൽ ഇവ കാണപ്പെടുന്നില്ല. ഈ വാക്ക് എന്ന കർമ്മേന്ദ്രിയത്തെ പ്രതിനിധീകരിക്കുന്നതും അവയുടെ അക്ഷരസ്പന്ദനവിശേഷവുമാണ് "ഝ' എന്ന വർണ്ണം. അതുപോലെ പാണി (കൈ) എന്ന കർമ്മേന്ദ്രിയത്തെ പ്രതിനിധാനം ചെയ്യുന്നതും അവയുടെ അക്ഷരസ്പന്ദന വിശേഷവുമാണ് 'ഭ' എന്ന വർണ്ണം. വർഗ്ഗാക്ഷരങ്ങളിലെ എല്ലാ നാലാമത്തെ അക്ഷരങ്ങളും കർമ്മേന്ദ്രിയങ്ങളുടെ സ്പന്ദനവിശേഷങ്ങളാണ്.

**സൂത്രം 9**

**'ഘ ഢ ധഷ്'**

**20. ഘ ഢ ധഷ് സർവഭൂതാനാം**
**പാദപായൂ ഉപസ്ഥകഃ**
**കർമ്മേന്ദ്രിയഗണാ ഹ്യേതേ**
**ജാതാ ഹി പരമാർത്ഥതഃ**

| | | |
|---|---|---|
| സർവഭൂതാനാം | – | എല്ലാ ജീവജാലങ്ങളുടെയും |
| പാദപായൂ | – | പാദവും പായുവും |
| ഉപസ്ഥകഃ | – | ഉപദസ്ഥവും |
| ഘ ഢ ധഷ് | – | ഘ, ഢ, ധ എന്നീ വർണ്ണങ്ങൾ ആണ്. |
| ഏതേ ഹി | – | ഇവയാകട്ടെ |
| കർമ്മേന്ദ്രിയഗണാ | – | കർമ്മേന്ദ്രിയങ്ങൾ |
| പരമാർത്ഥതഃ | – | പരമാർത്ഥ വസ്തുവിൽനിന്ന് |
| ജാതാഃ (ഭവന്തി) | – | ഉണ്ടായവയാണ് |

മറ്റു കർമ്മേന്ദ്രിയങ്ങളാകുന്ന പാദം (കാൽ) പായു (വിസർജ്ജനേന്ദ്രിയം) ഉപസ്ഥം (ജനനേന്ദ്രിയം) എന്നിവയെ പ്രതിനിധാനം ചെയ്യുന്നത് ക്രമത്തിൽ ഘ ഢ ധ എന്നിവകളാണ്. ഇപ്രകാരം ഝ, ഭ, ഘ, ഢ, ധ എന്നീ വർണ്ണങ്ങളാണ് കർമ്മേന്ദ്രിയങ്ങളുടെ അക്ഷരസ്പന്ദനങ്ങൾ. ഇവ പരമശിവനിൽനിന്ന് ഉണ്ടായവയാണെന്ന് ഇവിടെ പറയുന്നു.

(തുടരും)

# സംസ്കൃതപഠനം – 22

ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

കഴിഞ്ഞപാഠത്തിൽ തൃതീയാവിഭക്തിരൂപങ്ങൾ പ്രയോഗിച്ചുള്ള വേറൊരു വാക്യപ്രയോഗം കണ്ടുവല്ലോ. അതിൽ തൃതീയവിഭക്തിയിലുള്ള കർത്താവും പ്രഥമാവിഭക്തിയിലുള്ള കർമ്മപദവും കർമ്മവിശേഷണപദവും ശ്രദ്ധിച്ചു കാണും

എന്ന് വിചാരിക്കുന്നു. ഒരിക്കൽ കൂടി ഓർമ്മിപ്പിക്കാം. അത്തരത്തിലുള്ള ഒരു വാക്യത്തിൽ പദങ്ങൾ ഇപ്രകാരമിരിക്കും.

| | | |
|---|---|---|
| കർത്താവ് | शिष्येण | തൃതീയവിഭക്തിയിൽ |
| കർമ്മം | उत्तरम् | ഉത്തരം പ്രഥമാവിഭക്തിയിൽ |
| കർമ്മവിശേഷണം | उक्तम् | പ്രഥമാവിഭക്തിയിൽ (കർമ്മത്തിന്റെ ലിംഗ വിഭക്തി വചനങ്ങൾക്ക് അനുസൃതമായിരിക്കും) |

ഈ വിധമുള്ള വാക്യങ്ങളുടെ കൂടുതൽ ഉദാഹരണങ്ങൾ പഠിക്കുമ്പോൾ സംഭാഷണത്തിനും ആശയാനുസാരം സ്വയം വാക്യരചനയ്ക്കും സാധിക്കും.

ഈ വാക്യങ്ങൾ അർത്ഥസഹിതം നിരവധി തവണ വായിക്കുക.

१. अतिथिभिः दोशा खादिता। അതിഥികളാൽ ദോശ തിന്നപ്പെട്ടു. (അതിഥികൾ ദോശ കഴിച്ചു.)

२. पुत्राभ्याम् अपूपः खादितः। രണ്ടു പുത്രന്മാരാൽ അപ്പം തിന്നപ്പെട്ടു. (രണ്ടു പുത്രന്മാർ അപ്പം കഴിച്ചു.)

३. भागिनेयेन आम्रफलं खादितम्। മരുമകനാൽ മാമ്പഴം തിന്നപ്പെട്ടു. (മരുമകൻ മാമ്പഴം കഴിച്ചു.)

४. वामनेन वसुधा याचिता। വാമനനാൽ ഭൂമി യാചിക്കപ്പെട്ടു. (വാമനൻ ഭൂമി യാചിച്ചു.)

५. रावणेन पुष्पकविमानम् अपहृतम्।രാവണനാൽ പുഷ്പകവിമാനം അപഹരിക്കപ്പെട്ടു. (രാവണൻ പുഷ്പകവിമാനം അപഹരിച്ചു)

६. नरकासुरेण वनिताः कारगृहं नीताः। നരകാസുരനാൽ വനിതകൾ കാരാഗൃഹത്തിലേയ്ക്ക് നയിക്കപ്പെട്ടു. (നരകാസുരൻ വനിതകളെ കാരാഗൃഹത്തിലേയ്ക്ക് നയിച്ചു.)

७. आपणिकेन नालिकेराणि विक्रीतानि। കടക്കാരനാൽ നളികേരങ്ങൾ വിൽക്കപ്പെട്ടു. (കടക്കാരൻ നാളികേരങ്ങൾ വിറ്റു.)

८. सुहृदा पारितोषिकं दत्तम्। കൂട്ടുകാരനാൽ സമ്മാനം നൽകപ്പെട്ടു. (കൂട്ടുകാരൻ സമ്മാനം നൽകി.)

९. दुष्यन्तेन शकुन्तला स्मृता। ദുഷ്യന്തനാൽ ശകുന്തള ഓർമ്മിക്കപ്പെട്ടു. (ദുഷ്യന്തൻ ശകുന്തയെ ഓർമ്മിച്ചു.)

१०.रामलक्ष्मणाभ्यां बलातिबलामन्त्रौ लब्धौ। രാമലക്ഷ്മണന്മാരാൽ ബലാതിബലാമന്ത്രങ്ങൾ ലഭിക്കപ്പെട്ടു. (രാമലക്ഷ്മണന്മാർക്ക് ബലാതിബലാമന്ത്രങ്ങൾ ലഭിച്ചു.)

११.हनुमता श्रीरामः नमितः। ഹനുമാനാൽ ശ്രീരാമൻ നമിക്കപ്പെട്ടു. (ഹനുമാൻ ശ്രീരാമനെ നമിച്ചു.)

१२.पाण्डवैः द्वैतवनं गतम्। പാണ്ഡവന്മാരാൽ ദ്വൈതവനം പോകപ്പെട്ടു. (പാണ്ഡവന്മാർ ദ്വൈതവനത്തിൽ പോയി.)

१३.गोपिकाभिः कृष्णः सेवितः। ഗോപികമാരാൽ കൃഷ്ണൻ സേവിക്കപ്പെട്ടു. (ഗോപികമാർ കൃഷ്ണനെ സേവിച്ചു.)

१४.यात्रिकेण मार्गः पृष्टः। യാത്രക്കാരനാൽ വഴി ചോദിക്കപ്പെട്ടു. (യാത്രക്കാരൻ വഴി ചോദിച്ചു.)

१५.विमानेन आकाशं स्पृष्टम्। വിമാനത്താൽ ആകാശം സ്പർശിക്കപ്പെട്ടു. (വിമാനം ആകാശത്തെ സ്പർശിച്ചു.)

१६.ईश्वरेण भूमिः सृष्टा। ഈശ്വരനാൽ ഭൂമി സൃഷ്ടിക്കപ്പെട്ടു. (ഈശ്വരൻ ഭൂമിയെ സൃഷ്ടിച്ചു.)

മുകളിൽ കൊടുത്തിട്ടുള്ള ഉദാഹരണങ്ങൾ സശ്രദ്ധം വായിച്ച് പഠിക്കുക. അതിനുശേഷം ഖാദിതഃ, ഖാദിതാ, ഖാദിതം എന്നതുപോലെ മറ്റു കർമ്മവിശേഷങ്ങൾ അതായത് യാചിതാ തുടങ്ങിയവയുടെ മൂന്ന് ലിംഗങ്ങളിലുമുള്ള രൂപങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ രചിക്കുക. അപ്പോൾ കർമ്മത്തിന്റെ സമാനലിംഗം ഉപയോഗിക്കുവാൻ ശ്രദ്ധിക്കണം.

അടുത്തതായി തൃതീയവിഭക്തി ഉപയോഗിക്കുന്ന മറ്റൊരു സന്ദർഭം പഠിക്കാം. ഞാൻ വിദ്യാലയത്തിൽ പോകും അഥവാ ഞാൻ വിദ്യാലയത്തിൽ പോകണം എന്ന വിധിരൂപത്തിലുള്ള വാക്യങ്ങൾ എങ്ങനെ എഴുതാം എന്ന് നോക്കൂ.

ഇവിടെയും കർത്താവ്, കർമ്മം, കർമ്മവിശേഷണം (ആഗ്രഹിക്കുന്നത്, യോഗ്യതയുള്ളത് എന്ന അർത്ഥത്തിലുള്ള പ്രത്യയം വന്ന പദം) എന്നിവയുണ്ട്.

ഉദാഹരണം – मया विद्यालयः गन्तव्यः। എനിക്ക് വിദ്യാലയത്തിൽ പോകേണ്ടതുണ്ട്. ഞാൻ വിദ്യാലയത്തിൽ പോകണം (പോകും) എന്നെല്ലാം അർത്ഥം. പോകുവാൻ ആഗ്രഹിക്കുന്ന സ്ഥലം, പോകുവാൻ യോഗ്യമായ സ്ഥലം എന്നെല്ലാം ഗന്തവ്യഃ എന്നതിന് അർത്ഥമുണ്ട്. ഗന്തവ്യഃ എന്നതും മൂന്ന് ലിംഗങ്ങളിലും ഉണ്ട്. കാരണം എന്തെന്നാൽ ഇത് കർമ്മവിശേഷണമായ ഒരു നാമപദമാണ്.

മറ്റു ഉദാഹരണങ്ങൾ നോക്കൂ.

മുമ്പ് പഠിച്ച വാക്യങ്ങളിലെ 'ഗന്തവ്യം' പോലുള്ള പദങ്ങളെ കൃതന്തങ്ങൾ എന്നു പറയും. ഒരു പദം എന്നുവച്ചാൽ ധാതുവും പ്രത്യയവും പൂർവ്വോത്തരമായി ചേർന്നുണ്ടാവുന്നത് എന്ന് സാമാന്യമായി പറയാമല്ലോ. 'സുപ്' തുടങ്ങിയതും 'തിപ്' തുടങ്ങിയതുമായ പ്രത്യയങ്ങൾ അവസാനം വന്നാൽ മാത്രമേ പദം എന്നു വിളിയ്ക്കൂ എന്ന് പാണിനീയം. ധാതുവിനും സുപാദിപ്രത്യയങ്ങൾക്കും ഇടയിൽ 'തവ്യത്' എന്ന് തുടങ്ങിയ പ്രത്യയങ്ങളും വരും. ആ പ്രത്യയങ്ങൾ 'കൃത്' വിഭാഗത്തിൽ പെടുന്നവയാകയാൽ അവ അവസാനം വരുന്നവയെ കൃതന്തങ്ങൾ എന്നു വിളിക്കും.

तेन संस्कृतं पठितव्यम् എന്ന വാക്യത്തിൽ 'പഠിതവ്യം' എന്നതാണ് 'കൃതന്തം' എന്നു വിളിക്കുന്ന പദം. ഇത് കർമ്മവിശേഷണവും കൂടിയാണ്. പഠിക്കുവാൻ യോഗ്യമായത്, പഠിക്കുവാൻ ആഗ്രഹിക്കുന്നത്, എന്നെല്ലാം അർത്ഥം പറയാം.

? അപ്പോൾ ഈ വാക്യത്തിലെ ക്രിയാപദം ഏതാണ്?

ഉ. മേല്പറഞ്ഞ വാക്യത്തിൽ ക്രിയാപദം എഴുതിയിട്ടില്ല. 'अस्ति', 'भवति' എന്നെല്ലാം നമുക്ക് ക്രിയാപദം സ്വീകരിക്കാം. എന്നിട്ട് –

तेन संस्कृतं पठितव्यम् अस्ति എന്ന് പറയാം.

അവനാൽ സംസ്കൃതം പഠിക്കേണ്ടതുണ്ട്. അവനാൽ സംസ്കൃതം പഠിക്കണം. ഇപ്രകാരം ഈ സംസ്കൃതവാക്യത്തിന് അർത്ഥം പറയാം.

? ഇതിൽ तेन എന്നതല്ലേ കർത്തൃപദം?

ഉ. തീർച്ചയായും. പഠനക്രിയയെ സംബന്ധിച്ച് तेन എന്നതാണ് കർത്തൃപദം. ഇപ്രകാരമുള്ള വാക്യത്തിൽ കർത്തൃപദം തൃതീയാവിഭക്തിയിൽ മാത്രമേ ഉപയോഗിക്കാവൂ. മാത്രമല്ല, ഈ കർത്തൃപദം മൂന്നു വചനങ്ങളിലും ഉപയോഗിക്കാം.

ഉദാഹരണം –

तेन संस्कृतं पठितव्यम्।

ताभ्यां संस्कृतं पठितव्यम्।

तैः संस्कृतं पठितव्यम्।

'അവനാൽ/അവർ ഇരുവരാലും/അവർ എല്ലാവരാലും സംസ്കൃതം പഠിക്കണം' എന്ന് അർത്ഥം.

കൂടാതെ കർത്തൃപദം ഏതു നാമപദങ്ങളും സർവ്വനാമപദങ്ങളും 'യുഷ്മദ്', 'അസ്മദ്' ശബ്ദങ്ങളുമാകാം. യുഷ്മദ് ശബ്ദം എന്നാൽ ത്വം (നീ) എന്നതിന്റെ തൃതീയാരൂപങ്ങളും അസ്മദ് ശബ്ദം എന്നാൽ അഹം (ഞാൻ) എന്നതിന്റെ തൃതീയാരൂപങ്ങളും ആണ്.

ഉദാഹരണം ശ്രദ്ധിക്കുക.

१. रामेण संस्कृतं पठितव्यम्।
रामाभ्यां संस्कृतं पठितव्यम्।
रामैः संस्कृतं पठितव्यम्।

२. तेन संस्कृतं पठितव्यम्।
ताभ्यां संस्कृतं पठितव्यम्।
तैः संस्कृतं पठितव्यम्।

३. त्वया संस्कृतं पठितव्यम्।
युवाभ्यां संस्कृतं पठितव्यम्।
युष्माभिः संस्कृतं पठितव्यम्।

४. मया संस्कृतं पठितव्यम्।
आवाभ्यां संस्कृतं पठितव्यम्।
अस्माभिः संस्कृतं पठितव्यम्।

തൃതീയാരൂപങ്ങൾ

നാമപദരൂപങ്ങൾ - रामेण, रामाभ्यां, रामैः

സർവ്വനാമരൂപങ്ങൾ - तेन, ताभ्यां, तैः

യുഷ്മദ് ശബ്ദരൂപങ്ങൾ - त्वया, युवाभ्यां, युष्माभिः

അസ്മദ് ശബ്ദരൂപങ്ങൾ - मया, आवाभ्यां, अस्माभिः

താഴെ കൊടുക്കുന്ന (തവ്യദന്ത/കൃദന്ത) രൂപങ്ങൾ ഉപയോഗിച്ച് ഇതുപോലുള്ള വാക്യങ്ങൾ എഴുവാൻ ശ്രമിക്കുക.

गन्तव्यम्, प्राप्तव्यम्, ज्ञातव्यम्, श्रोतव्यम्, द्रष्टव्यम्, दातव्यम्, भोक्तव्यम्, पातव्यम्, वक्तव्यम्, स्थापितव्यम्, स्मर्तव्यम्, त्यक्तव्यम्।

ഉദാഹരണവാക്യങ്ങൾ വായിക്കുക.

१. त्वया नगरं गन्तव्यम्।

1. നീ വനത്തിൽ പോകണം
2. നിനക്ക് വനത്തിൽ പോകേണ്ടതുണ്ട്
3. നീ വനത്തിൽ പോകും (പോകണമെന്ന് വിധിക്കുന്നു)

२. नन्देन नदीतीरं प्राप्तव्यम्।

1. നന്ദൻ നദീതീരത്തിൽ എത്തിച്ചേരണം
2. നന്ദൻ നദീതീരത്തിൽ എത്തിച്ചേരേണ്ടതുണ്ട്.
3. നന്ദൻ നദീതീരത്തിൽ ചേരും വിധിക്കുന്നു.

३. छात्रेण उत्तरं ज्ञातव्यम्।

1. വിദ്യാർത്ഥി ഉത്തരം അറിയണം
2. വിദ്യാർത്ഥി ഉത്തരം അറിയേണ്ടതുണ്ട്.
3. വിദ്യാർത്ഥി ഉത്തരം അറിയും. (അറിയണമെന്ന് വിധിക്കുന്നു)

४. सर्वैः गीतं श्रोतव्यम्।

1. സർവ്വരും ഗീതം കേൾക്കണം
2. സർവ്വരും ഗീതം കേൾക്കണ്ടതുണ്ട്
3. സർവ്വരും ഗീതം കേൾക്കും. (കേൾക്കണമെന്ന് വിധിക്കുന്നു.)

५. युवाभ्यां चित्रं द्रष्टव्यम्।

1. നിങ്ങൾ രണ്ടുപേർ ചിത്രം കാണണം
2. നിങ്ങൾ രണ്ടുപേർ ചിത്രം കാണണേണ്ടതുണ്ട്.
3. നിങ്ങൾ രണ്ടുപേർ ചിത്രം കാണും. (കാണണമെന്ന് വിധിക്കുന്നു.)

६. अस्माभिः धनं दातव्यम्।

1. നമ്മൾ പണം കൊടുക്കണം.
2. നമ്മൾ പണം കൊടുക്കേണ്ടതുണ്ട്
3. നമ്മൾ പണം കൊടുക്കും. (കൊടുക്കണമെന്ന് വിധിക്കുന്നു.)

७. बुभुक्षुभिः ओदनं भोक्तव्यम्।

1. വിശക്കുന്നവർ ചോറ് ഭക്ഷിക്കണം.
2. വിശക്കുന്നവർ ചോറ് ഭക്ഷിക്കേണ്ടതുണ്ട്.
3. വിശക്കുന്നവർ ചോറ് ഭക്ഷിക്കും. (ഭക്ഷിക്കണമെന്ന് വിധിക്കുന്നു.)

८. पिपासुभिः जलं पातव्यम्।

1. ദാഹിക്കുന്നവർ വെള്ളം കുടിക്കണം.
2. ദാഹിക്കുന്നവർ വെള്ളം കുടിക്കേണ്ടതുണ്ട്.
3. ദാഹിക്കുന്നവർ വെള്ളം കുടിക്കും. (കുടിക്കണമെന്ന് വിധിക്കുന്നു.)

९. जनेन सत्यं वक्तव्यम्।

1. ജനം സത്യം പറയണം.
2. ജനം സത്യം പറയണ്ടതുണ്ട്.
3. ജനം സത്യം പറയും. (പറയണമെന്ന് വിധിക്കുന്നു.)

१०.आवाभ्यां पुस्तकं अधिकारिणः अग्रे स्थापितव्यम्।

1. നമ്മളിരുവരും പുസ്തകം അധികാരികളുടെ മുമ്പാകെ വയ്ക്കണം.
2. നമ്മളിരുവരും പുസ്തകം അധികാരികളുടെ മുമ്പാകെ വയ്ക്കേണ്ടതുണ്ട്.
3. നമ്മളിരുവരും പുസ്തകം അധികാരികളുടെ മുമ്പാകെ വയ്ക്കും. (വയ്ക്കണമെന്ന് വിധിക്കുന്നു.)

११.युवतिभिः तत् वाक्यं स्मर्तव्यम्।

1. യുവതികൾ ആ വാക്യം ഓർമ്മിക്കണം.
2. യുവതികൾ ആ വാക്യം ഓർമ്മിക്കേണ്ടതുണ്ട്.
3. യുവതികൾ ആ വാക്യം ഓർമ്മിക്കും. (ഓർമ്മിക്കണമെന്ന് വിധിക്കുന്നു.)

१२.युवकैः धूमपानं त्यक्तव्यम्।

1. യുവാക്കൾ പുകവലി ഉപേക്ഷിക്കണം.
2. യുവാക്കൾ പുകവലി ഉപേക്ഷിക്കേണ്ടതുണ്ട്.
3. യുവാക്കൾ പുകവലി ഉപേക്ഷിക്കും. (ഉപേക്ഷിക്കണമെന്ന് വിധിക്കുന്നു.)

? **गन्तव्यम्** പോലുള്ളവ കർമ്മവിശേഷണമാണെങ്കിൽ അവയ്ക്ക് മൂന്നു ലിംഗങ്ങളിലും രൂപങ്ങൾ കാണുമല്ലോ. അവ സോദാഹരണം വിശദമാക്കുമോ?

ഉ. മുകളിൽ കർമ്മവിശേഷണമായി ഉപയോഗിച്ച കൃദന്തങ്ങളെ മൂന്നു ലിംഗങ്ങളിലായി താഴെ പട്ടികപ്പെടുത്തുന്നു.

| | पुल्लिङ्गम् | स्त्रीलिङ्गम् | नपुसंकलिङ्गम् |
|---|---|---|---|
| १. | गन्तव्यः | गन्तव्या | गन्तव्यम् |
| २. | पठितव्यः | पठितव्या | पठितव्यम् |
| ३. | प्राप्तव्यः | प्राप्तव्या | प्राप्तव्यम् |
| ४. | ज्ञातव्यः | ज्ञातव्या | ज्ञातव्यम् |
| ५. | श्रोतव्यः | श्रोतव्या | श्रोतव्यम् |
| ६. | द्रष्टव्यः | द्रष्टव्या | द्रष्टव्यम् |
| ७. | दातव्यः | दातव्या | दातव्यम् |

| | | | |
|---|---|---|---|
| ८. | भोक्तव्यः | भोक्तव्या | भोक्तव्यम् |
| ९. | पातव्यः | पातव्या | पातव्यम् |
| १०. | वक्तव्यः | वक्तव्या | वक्तव्यम् |
| ११. | स्थापितव्यः | स्थापितव्या | स्थापितव्यम् |
| १२. | त्यक्तव्यः | त्यक्तव्या | त्यक्तव्यम् |

? ഇവ ഉപയോഗിച്ചുള്ള വാക്യങ്ങൾ ഉദാഹരിക്കാമോ?

ഉ. മൂന്നു ലിംഗങ്ങളിലുമുള്ള തവ്യദന്തങ്ങളുടെ (ഗന്തവ്യംപോലുള്ളവയുടെ) ഓരോ വാക്യങ്ങൾ ഉദാഹരിക്കാം.

गन्तव्यम्, गन्तव्यः, गन्तव्या

१. मया नदीतीरं गन्तव्यम्।

1. ഞാൻ നദീതീരത്തിലേയ്ക്ക് പോകും (വിധി)
2. ഞാൻ/എനിക്ക് നദീതീരത്തിലേയ്ക്ക് പോകേണ്ടതുണ്ട്.
3. ഞാൻ/എനിക്ക് നദീതീരത്തിലേയ്ക്ക് പോകണം.

२. कर्षकेण केदारः गन्तव्यः।

1. കർഷകൻ വയലിൽ പോകും. (വിധി)
2. കർഷകൻ വയലിൽ പോകേണ്ടതുണ്ട്.
3. കർഷകൻ വയലിൽ പോകണം.

३. धीवरेण नदी गन्तव्या।

1. മുക്കുവൻ നദിയിലേയ്ക്ക് പോകും. (വിധി)
2. മുക്കുവൻ നദിയിലേയ്ക്ക് പോകേണ്ടതുണ്ട്.
3. മുക്കുവൻ നദിയിലേയ്ക്ക് പോകണം.

ഇനി നമുക്ക് ഒരു സുഭാഷിതം പഠിക്കാം.

श्रोत्रं श्रुतेनैव न तु कुण्डलेन
दानेन पाणिर्न तु कङ्कणेन
विभाति कायः करुणापराणां
परोपकरैर्न तु चन्दनेन

ഇതിൽ പദം പിരിയ്ക്കാൻ ഉണ്ടോ എന്ന് നോക്കാം. श्रुतेनैव, पाणिर्न, परोपकारैर्न എന്നിവ പദം പിരിക്കേണ്ടതാണ്. അവ ഇപ്രകാരമാണ്.

श्रुतेनैव = श्रुतेन + एव

पाणिर्न = पाणिः + न
परोपकारैर्न = परोपकारैः + न

തൃതീയരൂപങ്ങൾ ഏതെല്ലാം എന്ന് നോക്കാം. श्रुतेन, कुण्डलेन, दानेन, कङ्कणेन, परोपकारैः ഇവയാണ് അവ. ഓരോന്നിന്റെയും അർത്ഥം പഠിക്കാം.

श्रुतेन = അറിവിനാൽ

कुण्डलेन = കമ്മലുകൊണ്ട്

दानेन = ദാനംകൊണ്ട്

कङ्कणेन = വളകൊണ്ട്

परोपकारैः = പരോപകാരങ്ങളാൽ

**സാരം** - കരുണയുള്ളവരുടെ കാത് അറിവുകൊണ്ടാണ് ശോഭിക്കുന്നത്. അതല്ലാതെ കമ്മലുകൊണ്ടല്ല. അവരുടെ കൈ ദാനംകൊണ്ടാണ് ശോഭിക്കുന്നത്. അതല്ലാതെ വളകൊണ്ടല്ല. അതുകൂടാതെ അവരുടെ ശരീരം പരോപകാരത്താലാണ് ശോഭിക്കുന്നത്. അതല്ലാതെ ചന്ദനത്താലല്ല. അതായത് ആഭരണം ധരിച്ചതുകൊണ്ടുമാത്രം ഇന്ദ്രിയങ്ങൾക്ക് ഭംഗിയുണ്ടാകുന്നില്ല. സുഗന്ധദ്രവ്യം പൂശിയതുകൊണ്ട് ശരീരത്തിന് ഭംഗി കൂടുകയില്ല. അറിവുകൊണ്ടും സൽകർമ്മം കൊണ്ടും മാത്രമാണ് യഥാർത്ഥ സൗന്ദര്യം വർദ്ധിക്കുകയുള്ളൂ.

(തുടരും)

# വാസ്തുശാസ്ത്രത്തിലെ ഗണിതസിദ്ധാന്തം - 2

**രാധാകൃഷ്ണൻ ശിവൻ**
(ഗവേഷകൻ, വാസ്തുവിദ്യാ വിഭാഗം, സംസ്കൃത സർവ്വകലാശാല, കാലടി)


കഴിഞ്ഞലക്കം തുടർച്ച

സൂര്യന്റെയും ഭൂമിയുടെയും ഗതിവിഗതികൾക്കും സൗര-ഭൗമ-കാന്തികമണ്ഡലങ്ങൾക്കും വളരെയധികം പ്രാധാന്യമുള്ളതുകൊണ്ട് ദിശാനിർണ്ണയത്തിനും, അതിനനുസരിച്ചുള്ള നിർമ്മാണങ്ങൾക്കും വാസ്തുശാസ്ത്രം പ്രാധാന്യം കല്പിച്ചിരിക്കുന്നു. ഇത്തരത്തിലുള്ള നിർമ്മാണങ്ങൾക്ക് പൂർണ്ണത നല്കുവാൻ വേണ്ടി ശാസ്ത്രം വ്യക്തമായ ഗണിതസമ്പ്രദായവും ഉപയോഗിക്കുന്നു. ശുഭദായകങ്ങളായ വായുമണ്ഡലങ്ങളുടെ വ്യാപ്തിയെ അടിസ്ഥാനപ്പെടുത്തിയാണ് വാസ്തുശാസ്ത്രം കണക്കുകൾ കൈകാര്യം ചെയ്തുവന്നിട്ടുള്ളത്.

വാസ്തുശാസ്ത്രത്തിൽ ഏറ്റവുമധികം പ്രാധാന്യമുള്ളവയാണ് അളവുകൾ. ലോകത്തുള്ള എല്ലാ വസ്തുക്കളും അളവിനെ ആശ്രയിച്ചിരിക്കുന്നു. ഈ അളവു

കൾ 'ഓരോന്നിനും ഓരോ പ്രകാരമാകുന്നു' എന്നുള്ള ഭേദം മാത്രമേയുള്ളൂ. മനുഷ്യശരീരവും വ്യക്തമായ അളവുകളോടെ സൃഷ്ടിക്കപ്പെട്ടവയാണ്. പൂർണ്ണനായ ഒരു മനുഷ്യന്റെ കൈത്തലത്തിന്റെ അതേ അളവുതന്നെയായിരിക്കും ആ ആളുടെ മുഖത്തിനും. മുഖത്തിന്റെ ഒൻപതിരിട്ടിയായിരിക്കും ആകെ ശരീരത്തിന്റെ അളവും. അതുപോലെ കൈമുഷ്ടിയുടെ അളവായിരിക്കും ഹൃദയത്തിന്. ഇപ്രകാരം എല്ലാ വസ്തുക്കളും നിശ്ചിതമായ അനുപാതത്തിൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഈ അളവുകളിൽനിന്നുള്ള വ്യത്യാസം നിർമ്മിതിയെ വികലമാക്കുന്നു.

നവതാലം



പ്രധാനമായും അംഗുലം (വിരൽ), ഹസ്തം (കോൽ) എന്നീ അളവുകളാണ് ശാസ്ത്രം ഉപയോഗിക്കുന്നത്. ഇവകളുടെ അടിസ്ഥാനത്തേയും ശാസ്ത്രം വ്യക്തമാക്കിയിട്ടുണ്ട്.

വാസ്തുശാസ്ത്രപ്രകാരം അളവുകളുടെയെല്ലാം അടിസ്ഥാനം 'പരമാണു'വിൽനിന്ന് തുടങ്ങുന്നു. പരമാണു ക്രമത്തിൽ വർദ്ധിപ്പിച്ചിട്ടാണ് എല്ലാ അളവുകളും ഉണ്ടാകുന്നത്. വാസ്തുശാസ്ത്രപ്രകാരം എല്ലാറ്റിന്റേയും ഏറ്റവും സൂക്ഷ്മമായ അളവാണ് പരമാണു. അല്പത്വം ഹേതുവായിട്ട് ഇത് മറ്റുള്ളവർക്ക് കാണുവാൻ സാധിക്കുന്നതല്ല. യോഗികൾക്കു മാത്രം കാണാൻ സാധിക്കുന്നത് എന്നാണ് പരമാണുവിന് നല്കുന്ന ലക്ഷണം. പരമാണു ക്രമമായി വർദ്ധിപ്പിച്ചാൽ പ്രകാശരശ്മികളുടെ പ്രത്യേക സമ്പർക്കംകൊണ്ടുമാത്രം കാണാൻ കഴിയുന്ന 'ത്രസരേണു', ഒരു കൺപീലിയുടെ വിസ്താരമായ 'ലിക്ഷ', അവകൾ എട്ടു ചേർന്നാൽ ഒരു 'യൂകം', എട്ട് യൂകങ്ങൾ ചേർന്നാൽ ഒരു 'യവം'. 'യവം' എന്നാൽ ഒരു ഞവരനെല്ലിന്റെ അളവാണ്. ഈ യവം എട്ടു ചേർന്നാൽ ലഭിക്കുന്നത് 'അംഗുലം'. ഇത്തരത്തിലുള്ള യവ-അംഗുലാദികളാണ് ശാസ്ത്രത്തിന്റെ അടിസ്ഥാന അളവുകൾ. തത്തദ്ദേശത്തു വിളയുന്ന ഞവരനെല്ലിന്റെ അളവുകളാൽ ക്രമപ്പെടുത്തിയിരുന്നു അളവുകോലുകൾ. ഈ യവ-അംഗുലാദികൾ ക്രമത്തിൽ വർദ്ധിപ്പിച്ചാണ് എല്ലാത്തരം അളവുസാധനങ്ങളും നിർമ്മിച്ചിരുന്നത്. മനുഷ്യന്റെ നടുവിരലിന്റെ നടുഭാഗത്തിന്റെ അളവിന് തുല്യമാണ് അംഗുലം. 24 അംഗുലം ചേർന്നതാണ് ഒരു കോൽ. ഇപ്രകാരം തന്നെയാണ് മനുഷ്യശരീരത്തിലും. ഉത്തമനായ പുരുഷന്റെ നടുവിരലിന്റെ നടുഭാഗത്തിന്റെ 24 ഇരട്ടിയാണ് കൈ.

വാസ്തുശാസ്ത്രത്തിൽ അളവുകളുടെ വിവിധ ഘടകങ്ങളാണ് യോനി, ആയം, വ്യയം, വയസ്സ് തുടങ്ങിയവ. ഇവകളുടെ ഉത്തമ, മധ്യമ, അധമ ഭേദത്താൽ കണ

ക്കുകളും അപ്രകാരമാകുന്നു.

## യോനി

വാസ്തുശാസ്ത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് യോനിസമ്പ്രദായം. ഉത്തരന്ത്യേൻ രീതിപ്രകാരം യോനിക്ക് ആയം എന്നൊരു പേരുമുണ്ട്. 'യോനി പ്രാണാ ഏവ ധാമനി' എന്നുള്ളതിനാൽ യോനിസമ്പ്രദായം പ്രാണൻ എന്നതുപോലെ വീടിന് വളരെ പ്രധാനപ്പെട്ടതാകുന്നു. ദിക്കുകൾക്കനുസരിച്ചാണ് യോനിക്രമം നിശ്ചയിക്കേണ്ടത്.

വാസ്തുശാസ്ത്രത്തിൽ 'ധ്വജ ധൂമ സിംഹ കുക്കര വൃഷ ഖര ഗജാ വായസ' എന്നിങ്ങനെ എട്ടുതരം യോനിസമ്പ്രദായം ഉണ്ട്. ഇതിൽ ഓജങ്ങളായവ 'ദിക്ക് യോനി'കൾ (ധ്വജ, സിംഹ, വൃഷ, ഗജ, യോനികൾ) ഐശ്വര്യപ്രദങ്ങളും യുഗ്മങ്ങളായ 'വിദിക്ക് യോനികൾ' (ധൂമ, കുക്കര, ഖര, വായസ) അശുഭപ്രദങ്ങളുമാകുന്നു. ഇപ്രകാരം ധ്വജയോനി കിഴക്ക് ദിക്കിനും, ധൂമം തെക്ക്-കിഴക്കും, സിംഹം തെക്കും, തെക്ക്-പടിഞ്ഞാറ് കുക്കരയോനിയും, വൃഷം പടിഞ്ഞാറും, ഖരം വടക്ക്-പടിഞ്ഞാറും, വടക്ക് ഗജയോനിയും, വടക്ക്-കിഴക്ക് വായസയോനിയുമാകുന്നു. ഇതിലെ വിദിക്ക് യോനികൾ ആ ദിക്കുകളിൽപോലും സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു.

ധൂമയോനി ഭയത്തേയും, കുക്കരയോനി കലഹത്തേയും, ഖരയോനി ചാപല്യത്തേയും, വായസയോനി വംശനാശത്തേയും ചെയ്യുന്നവയാണ്. അതുപോലെ ധ്വജയോനി അർത്ഥലാഭവും, സിംഹയോനി ജയത്തേയും, വൃഷയോനി ലാഭത്തേയും, ഗജയോനി സുഖത്തേയും നല്കുന്നു. ഇവയിൽ ധ്വജയോനി ഇഷ്ടഫലദായികയും, ഏതു ദിക്കിലേക്കും ഉപയോഗിക്കാവുന്നതുമാകുന്നു.

ഇപ്രകാരം പടിഞ്ഞാട്ട് മുഖമുള്ള വീടുകൾക്ക് ധ്വജയോനിമാത്രവും, തെക്ക് മുഖമുള്ള വീടുകൾക്ക് ധ്വജ-ഗജ യോനികളും, വടക്കോട്ട് ധ്വജ-സിംഹ യോനികളും, കിഴക്കോട്ട് മുഖമുള്ളതിന് ധ്വജ-സിംഹ-വൃഷ-ഗജ യോനികളും സ്വീകരിക്കാവുന്നതാകുന്നു. കിഴക്കോട്ട് മുഖമുള്ള വീടുകൾ അല്ലാതെ മറ്റൊരു വീടിനും പഞ്ചയോനി (വൃഷയോനി) സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു. പടിഞ്ഞാറോട്ട് മുഖമുള്ള വീടിന് ഏകയോനി (ധ്വജയോനി) മാത്രമേ സ്വീകരിക്കാവൂ.

## യോനി കണ്ടെത്തുന്ന വിധം

ഗൃഹത്തിന്റെ ദീർഘവിസ്താരങ്ങളെ ആകെ കൂട്ടിയാൽ കിട്ടുന്ന [2 (x + y)] ചുറ്റളവിനെ മൂന്നിൽ പെരുക്കി ദിക്കുകളാകുന്ന എട്ടുകൊണ്ട് ഹരിച്ചാൽ ശേഷിക്കുന്നത് യോനിയാകുന്നു. അതായത് ശിഷ്ടങ്ങളെ അതത് യോനികളായി പരിഗണിക്കുന്നു. ഉദാഹരണത്തിന് 43 കോൽ ചുറ്റെങ്കിൽ യോനി = 43 × 3 ÷ 8, ശിഷ്ടം = 1, യോനി = 1.

**'യോനി പ്രാണാ ഏവ ധാമ്നാം**
**യദസ്മാത് ഗ്രാഹ്യസ്തത്തദ്യോഗ്യ യോനിപ്രഭേദഃ'**

എന്നതിനാൽ അതത് ഗൃഹങ്ങൾക്ക് വിധിച്ച യോനികളെത്തന്നെ സ്വീകരിക്കേണ്ടതാകുന്നു. വീടുകൾക്ക് ഉത്തമമായിരിക്കുന്ന നിജയോനികൾ ചേർത്ത് ആരൂഢം, ബാഹ്യം, പാദുകം എന്നിവ യോജിപ്പിക്കണം. ഇവകളിൽ ആരൂഢം ഏറ്റവും പ്രധാനവും, ആരൂഢമില്ലാത്ത വീടുകൾക്ക് ബാഹ്യചുറ്റ് (ഉത്തരപുറം/ഭിത്തിപുറം) കല്പിക്കേണ്ടതാകുന്നു.

കിണറിന് പഞ്ചയോനിയും, ആൽത്തറ, മുല്ലത്തറ, തുളസിത്തറ മുതലായ തറകൾക്കും, നടുമുറ്റത്തിനും ഏകയോനി കണക്കുകൾ മാത്രം സ്വീകരിക്കണം.

വീടുകൾക്ക് ദിശയ്ക്കനുസൃതമായുള്ള യോനി സ്വീകരണം പോലെതന്നെ പ്രാധാന്യമേറിയതാണ് ആയം, വ്യയം, നക്ഷത്രം, വയസ്സ്, തിഥി, ആഴ്ച, പക്ഷാന്തരവ്യയം തുടങ്ങിയ മറ്റു ഘടകങ്ങൾ. ഇവകളുടേയും ശുഭാശുഭങ്ങൾ അറിഞ്ഞു വേണം കണക്കുകൾ സ്വീകരിക്കുവാൻ.

## ആയം, വ്യയം, പക്ഷാന്തരവ്യയം

ചുറ്റിനെ മൂന്നിൽ പെരുക്കി പതിന്നാലുകൊണ്ട് ഹരിച്ചാൽ ശേഷിക്കുന്നതു വ്യയവും ചുറ്റിനെ എട്ടിൽ പെരുക്കി പന്ത്രണ്ടുകൊണ്ട് ഹരിച്ചാൽ ശിഷ്ടമുള്ളത് ആയവും, ചുറ്റിനെ ഒമ്പതിൽ പെരുക്കി പത്തുകൊണ്ട് ഹരിച്ചാൽ ശേഷിക്കുന്നത് പക്ഷാന്തരവ്യയവുമാകുന്നു.

'ആയാധിക്യം വ്യയതഃ സമ്പാദ്യം സർവ്വദാ അന്യഥാ ആപത്തിഃ' എന്ന പ്രമാണ വചനത്താൽ ഇപ്രകാരം ലഭിക്കുന്ന ആയം വ്യയത്തേക്കാൾ അധികമായി നില്ക്കേണ്ടതാകുന്നു. എങ്കിൽ ഗൃഹത്തിൽ ആയുരാരോഗ്യ-ധനാദി സമ്പത്തും മറിച്ചെങ്കിൽ ആപത്തും ഫലമാകുന്നു. ആയം വ്യയത്തേക്കാളും പക്ഷാന്തരവ്യത്തേക്കാളും ഉയർന്നതാകണം.

## നക്ഷത്രം, തിഥി, ആഴ്ച, കരണം

ജ്യോതിശാസ്ത്രപ്രകാരമുള്ള ഫലങ്ങൾ നക്ഷത്ര, തിഥി, വാര, കരണങ്ങളെക്കൊണ്ടാണ് നിശ്ചയിക്കേണ്ടത്. ഗൃഹചുറ്റിന്റേയും ഗൃഹകർത്താവിന്റെയും നാളുകൾ വേധ നക്ഷത്രങ്ങളാകാതെ വേണം ഗൃഹങ്ങൾക്ക് കണക്കുകൾ സ്വീകരിക്കാൻ. ചുറ്റിനെ എട്ടുകൊണ്ട് ഗുണിച്ച് ഇരുപത്തി ഏഴിൽ ഹരിച്ചാൽ ശിഷ്ടം നക്ഷത്രമാകുന്നു. ചുറ്റിനെ എട്ടിൽ പെരുക്കി മുപ്പതുകൊണ്ട് ഹരിച്ചാൽ ശിഷ്ടം വെളുത്ത പ്രതിപദം മുതൽക്കേയുള്ള തിഥിയും എട്ടുകൊണ്ട് ഗുണിച്ച് ഏഴുകൊണ്ട് ഹരിച്ചാൽ കിട്ടുന്നത് ആഴ്ചയുമാകുന്നു. നക്ഷത്ര, തിഥി, വാര, കരണങ്ങളുടെ ശുഭാശുഭങ്ങൾ ജ്യോതിശാസ്ത്രത്തിലെന്നപോലെത്തന്നെ മനസ്സിലാക്കണം.

## വയസ്സുകൾ

'ബാലത്വം കൗമാരം യൗവ്വനമഥ
വാർധക്യം നിധനം ച.
പഞ്ചവയാംസേഷ്യന്ത്യം

നേഷ്ടം ശിഷ്ടാനി വാസ്തുനിഷ്ടാനി.'

(മനുഷ്യാലയ ചന്ദ്രിക 4 അദ്ധ്യായം, 32 ശ്ലോകം)

'ബാല്യം, കൗമാരം, യൗവ്വനം, വാർധക്യം, മരണം' എന്നിങ്ങനെ വയസ്സ് അഞ്ചുവിധത്തിൽ പറയപ്പെട്ടിരിക്കുന്നു. ഇവയിൽ ഒടുവിൽ പറഞ്ഞ 'മരണം' ഒരിക്കലും ഗൃഹങ്ങൾക്ക് സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു. ബാല്യ-വാർധക്യങ്ങൾ മധ്യമമാണെന്നിരിക്കെ ആയാധിക്യവൈശിഷ്ട്യങ്ങൾ ഉണ്ടെങ്കിൽ ആ കണക്കുകൾ സ്വീകരിക്കാവുന്നതാണ്. 'താരുണ്യം വയഃ ശോഭനഃ' എന്നതിനാൽ കൗമാര യൗവ്വനാദികൾ ശോഭനമാകുന്നുവെന്ന് സിദ്ധിക്കുന്നു. ചുറ്റളവിനെ എട്ടിൽ പെരുക്കി ഇരുപത്തിയേഴിൽ ഹരിക്കുമ്പോൾ കിട്ടുന്ന ഹരണഫലത്തെ അഞ്ചിൽ ഹരിക്കുമ്പോൾ കിട്ടുന്ന ശിഷ്ടങ്ങൾ ക്രമേണ ബാല്യം തുടങ്ങിയ വയസ്സുകളാകുന്നു.

മരണം തുടങ്ങിയ പ്രധാനദോഷങ്ങൾ ഉള്ള കണക്കുകൾ വർജ്യങ്ങളെന്നു പറഞ്ഞിരിക്കുന്നുവെങ്കിലും ദേവാലയ നിർമ്മിതിക്കായി അവ ഉപയോഗിച്ചിരിക്കുന്നുവല്ലോ! എന്നുള്ള സംശയങ്ങൾ ധാരാളം ഉണ്ടായിട്ടുണ്ട്. (പണ്ടുകാലംതൊട്ടേ ദേവാലയങ്ങളിൽ മരണക്കണക്കുകൾ വർജ്ജിച്ചു കാണുന്നില്ല.) എന്നാൽ 'മൃത്യുർമരണയോഗോ വാ മാ ഭൃത്' എന്ന വാസ്തുവിദ്യാ വചനത്താൽ മനുഷ്യാലയത്തിൽ മാത്രമേ ഇത് നിഷേധിച്ചിട്ടുള്ളൂ എന്നറിഞ്ഞുകൊള്ളണം.

ഇന്ന് കോലിനെ 72 സെന്റീമീറ്റർ എന്നും, അംഗുലത്തെ 3 സെന്റീമീറ്റർ എന്നും നിജപ്പെടുത്തിയിരിക്കുന്നു. യോനിസമ്പ്രദായത്തിലും ഉത്തമമായ അളവുകൾ താഴെ കൊടുക്കുന്നു.

## ധ്വജയോനി

40 കോൽ 8 വിരൽ ഉത്തമം

43 കോൽ മധ്യമം

56 കോൽ 8 വിരൽ ഉത്തമം

67 കോൽ ഉത്തമം

75 കോൽ മധ്യമം

80 കോൽ 8 വിരൽ ഉത്തമം

91 കോൽ ഉത്തമം

## സിംഹയോനി

38 കോൽ 8 വിരൽ ഉത്തമം

49 കോൽ ഉത്തമം

57 കോൽ ഉത്തമം

62 കോൽ 8 വിരൽ ഉത്തമം

75 കോൽ 16 വിരൽ ഉത്തമം

81 കോൽ മധ്യമം

89 കോൽ ഉത്തമം

**വൃഷയോനി**

39 കോൽ ഉത്തമം
47 കോൽ ഉത്തമം
57 കോൽ 16 വിരൽ ഉത്തമം
63 കോൽ മധ്യമം
65 കോൽ 16 വിരൽ ഉത്തമം
89 കോൽ 16 വിരൽ ഉത്തമം

**ഗജയോനി**

47 കോൽ 16 വിരൽ ഉത്തമം
58 കോൽ 8 വിരൽ ഉത്തമം
61 കോൽ മധ്യമം
71 കോൽ 16 വിരൽ മധ്യമം
82 കോൽ 8 വിരൽ മധ്യമം
95 കോൽ 16 വിരൽ ഉത്തമം

ഉൾമുറികൾക്ക് യോനിക്രമം നോക്കേണ്ട ആവശ്യമില്ല. മറ്റു ഘടകങ്ങൾ മാത്രം ശ്രദ്ധിച്ചാൽ മതിയാകും. ഉൾമുറികൾക്കും ചെറിയ നിർമ്മിതികൾക്കും യോജിച്ച അളവുകൾ ഇവയാണ്.

5 കോൽ 16 വിരൽ
9 കോൽ 16 വിരൽ
11 കോൽ 16 വിരൽ
15 കോൽ
15 കോൽ 16 വിരൽ
16 കോൽ 8 വിരൽ
20 കോൽ 8 വിരൽ
23 കോൽ 16 വിരൽ
25 കോൽ
27 കോൽ
29 കോൽ
29 കോൽ 16 വിരൽ
33 കോൽ

വാസ്തുശാസ്ത്രത്തിനനുസരിച്ചുള്ള നിർമ്മാണങ്ങളിൽ അളവുകൾ ഒരു പ്രധാന ഘടകം തന്നെയാണ്. അളവുകൾ സ്വീകരിക്കുമ്പോൾ ഓരോ വീടിനും ദിശയ്ക്കും ചേർന്ന അളവുകൾ തന്നെ സ്വീകരിക്കേണ്ടതാകുന്നു. അളവുകളുടെ ഈ ദോഷ ഫലങ്ങൾ നമുക്ക് അനുഭവിച്ചറിയാവുന്നവയാണ്. ഇപ്രകാരം ഉചിതമായ കണ

ക്കുകളാൽ നിർമ്മിക്കപ്പെട്ട ഗൃഹങ്ങൾ ഏവർക്കും ഭാഗ്യദായകങ്ങളാണ്.

'മാനപ്രമാണ സംയുക്താം
ശാലാം തത്രൈവ യോജയേത്
ആയുരാരോഗ്യസൗഭാഗ്യം
ലഭതേ നാത്ര സംശയഃ'

# ഭഗവദ്ഗീത – ഒരു പുനർവായന (2)

എൽ. ഗിരീഷ്കുമാർ

## ശ്രൗതം രഹസ്യാത്മകം

അർജ്ജുനന്റെ കൊടിയിൽ സാന്നിദ്ധ്യം ചെയ്തിരുന്ന ഹനുമാൻസ്വാമിയും ഗീത പ്രപ്രഥമം കേട്ടവരിൽ ഉൾപ്പെടും. അർജ്ജുനന് പറഞ്ഞുകൊടുക്കുന്ന അവസരത്തിൽ പലപ്പോഴും കൃഷ്ണൻ ഇത് അതീവരഹസ്യമായതാണെന്നും വൃഥാ എല്ലാവർക്കും ഇത് പറഞ്ഞുകൊടുക്കുവാൻ പാടുള്ളതല്ലെന്നും പറഞ്ഞിരുന്നു. പിന്നീടൊരിക്കൽ ഹനുമാൻ ഒരിടത്തിരുന്ന് എന്തൊക്കെയോ പിറുപിറുക്കുന്നത് ശ്രീകൃഷ്ണൻ കണ്ടു. അങ്ങ് പറഞ്ഞുതന്ന ഗീതാതത്ത്വങ്ങൾ മറന്നിടാതിരിക്കാൻ ഉരുവിട്ടു പഠിക്കുകയാണെന്ന ഹനുമദ്വചനം ശ്രവിച്ച ശ്രീകൃഷ്ണപരമാത്മാവ് അതീവരഹസ്യാത്മകമായ ഈ തത്ത്വങ്ങൾ ആരോടും പറയരുതെന്ന് ഹനുമാനോട് പറഞ്ഞു. രഹസ്യാത്മകമായ ഇത് കേട്ടാൽ കേട്ടവർക്ക് വളരെ ഗുണം ചെയ്യും. അതിനാൽ ലോകത്തിന് ഗുണപ്രദമായ ഒരു കാര്യം രഹസ്യമാക്കി വയ്ക്കുന്നത് ശരിയാണോ എന്ന് ഹനുമാൻസ്വാമി ചിന്തിച്ചു. ഒരിക്കൽ ഗുരുവിൽനിന്ന് അഷ്ടാക്ഷരമന്ത്രോപദേശം ലഭിക്കുകയും ആ മന്ത്രത്തിന്റെ മാഹാത്മ്യം അറിയുകയും അത് രഹസ്യമായി സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശം ലഭിക്കുകയും ചെയ്തപ്പോൾ ശ്രീരാമാനുജാചാര്യരും ഇവ്വണ്ണം ചിന്തിച്ചു. ഗുരുവചനം കേൾക്കാതെ ജാതിലിംഗഭേദമന്യേ അഷ്ടാക്ഷരമന്ത്രം എല്ലാവർക്കും ഉപദേശിച്ച രാമാനുജാചാര്യർ ഗുരുവിന്റെ അപ്രീതിക്ക് പാത്രമായെങ്കിലും സ്വന്തം വാക്കുകളാൽ ഗുരുവിന്റെ കോപം ശമിപ്പിക്കുകയും അനുഗ്രഹം നേടുകയും ചെയ്തു. ഉപദേശിച്ച താനൊരാൾക്ക് നരകമാണ് ഫലമെങ്കിലും അഷ്ടാക്ഷരമന്ത്രം കേട്ട മറ്റെല്ലാവർക്കും വൈകുണ്ഠപ്രാപ്തി കിട്ടുമെന്നതിനാൽ സ്വന്തം ജീവിതം സാർത്ഥകമായി എന്നാണ് രാമാനുജാചാര്യർ പറഞ്ഞത്. ഇപ്രകാരം മറ്റുള്ളവർക്ക് ഗുണപ്രദമാകുന്ന രീതിയിൽ തനിക്ക് അറിയുന്ന രഹസ്യങ്ങളെ ഉപയോഗിക്കുവാൻ മഹാത്മാക്കൾ എപ്പോഴും ശ്രദ്ധാലുക്കളായിരിക്കും. ഇതുതന്നെയാണ് ഹനുമാനിലും നമുക്ക് ദർശിക്കുവാൻ സാധിക്കുന്നത്. കേൾക്കേണ്ടതുപോലെ ആരു കേട്ടാലും ഗുണമു

ണ്ടാക്കുന്ന ഈ പരമമായ ഗീതാരഹസ്യം ആരോടും പറയാതിരുന്നാൽ എന്തു പ്രയോജനം എന്ന ഹനുമാന്റെ ചോദ്യം ഭഗവാൻ ശ്രീകൃഷ്ണനെ സന്തുഷ്ടനാക്കി. ഈ രൂപത്തിൽ (ശ്രൗതമായ രീതിയിൽ) ആരോടും പറയരുത് എന്നും മറിച്ച് മറ്റൊരു രൂപത്തിൽ ഇത് അവതരിപ്പിക്കാനും ശ്രീകൃഷ്ണപരമാത്മാവ് ഹനുമാൻ സ്വാമിയെ ഉപദേശിച്ചു. അതിൻപ്രകാരം ഹനുമാൻസ്വാമി ഗീതയ്ക്ക് പൈശാചിക ഭാഷയിൽ (പൈശാചികഭാഷ ഒരു പ്രാകൃതഭാഷയാണ്.) ഒരു ഭാഷ്യം എഴുതുകയും ചെയ്തിട്ടുണ്ട്. ആ ഭാഷ്യം സംസ്കൃതത്തിൽ ഇന്ന് ലഭ്യവുമാണ്. ഹനുമാൻ സ്വാമിക്ക് പുറമെ, ആ ശ്രേണിയിൽ ഗീത കേട്ടവരിൽ വേദവ്യാസമഹർഷിയും ഉൾപ്പെടുന്നു. ഇപ്രകാരം ശ്രീകൃഷ്ണപരമാത്മാവ്, അർജ്ജുനൻ, ഹനുമാൻസ്വാമി, വേദവ്യാസമഹർഷി, സഞ്ജയൻ, ധൃതരാഷ്ട്രർ എന്നിവരാണ് ഗീത പ്രപ്രഥമമായി കേട്ടവർ. ഇവരിൽ ശ്രീകൃഷ്ണപരമാത്മാവ്, അർജ്ജുനൻ, സഞ്ജയൻ, ധൃതരാഷ്ട്രർ എന്നിവരുടെ ഗീതാശ്രവണമാണ് ഇവിടെ പ്രാധാന്യമർഹിക്കുന്നത്.

### ഭഗവദ്ഗീതയുടെ ബാഹ്യവലിപ്പം

മഹാഭാരതത്തിൽ ഭീഷ്മപർവ്വത്തിലെ ഭീഷ്മാദിബഹുമാനനം എന്ന ഭാഗത്ത് ഗീതയിൽ ആരൊക്കെ എത്ര ശ്ലോകങ്ങൾ വീതം പറഞ്ഞുവെന്ന് വൈശമ്പായനൻ പറയുന്നുണ്ട്. ശ്രീകൃഷ്ണപരമാത്മാവ് 620 ഉം അർജ്ജുനൻ 57ഉം സഞ്ജയൻ 67 ഉം ധൃതരാഷ്ട്രർ ഒന്നും ശ്ലോകങ്ങളാണ് പറഞ്ഞിരിക്കുന്നതെന്ന് അവിടെ പറയുന്നു. അതിൻപ്രകാരം 745 ശ്ലോകങ്ങളാണ് ഗീതയിൽ ഉള്ളത്. എന്നാൽ ഇന്ന് പ്രചാരത്തിലുള്ളവയിൽ 700 ശ്ലോകങ്ങളെ കാണാനുള്ളു. കാശ്മീരദേശത്തുനിന്നുള്ള പാഠഭേദങ്ങളോടുകൂടിയ ഗീതയിൽ 716 ശ്ലോകങ്ങളും കാണാനുണ്ട്. ഇതാണ് ഗീതാശ്ലോകങ്ങളുടെ എണ്ണങ്ങളുടെ വിവരണം.

## കഥാപാത്രനിരൂപണം

### ധൃതരാഷ്ട്രർ

സഞ്ജയനോട് ധൃതരാഷ്ട്രരുടെ ചോദ്യരൂപത്തിലുള്ള ശ്ലോകത്തോടെയാണ് ഗീതയുടെ അവതരണം നടത്തിയിരിക്കുന്നത്. ഗീതയിൽ ഒരു പ്രാവശ്യം മാത്രം രംഗപ്രവേശം നടത്തുകയും എന്നാൽ ഉടനീളം പശ്ചാത്തലത്തിൽ ഒളിഞ്ഞുനിൽക്കുകയും ചെയ്യുന്ന ധൃതരാഷ്ട്രർ ഇവിടെ വളരെ പ്രധാനപ്പെട്ട കഥാപാത്രമാണ്. ധൃതരാഷ്ട്രർ എന്ന വാക്കിനും ആ വ്യക്തിയുടെ ജീവതത്തിനും തമ്മിൽ വളരെ സമാനതകൾ ഉണ്ട്. പുരാണേതിഹാസങ്ങൾ പരിശോധിച്ചാൽ അതിലെ കഥാപാത്രങ്ങൾക്ക് അവരുടെ ജീവിതവുമായി ബന്ധപ്പെട്ട പേരുകളാണുള്ളത്. കൂടാതെ അവരെ വിശകലനം ചെയ്താൽ അതിലെ കഥാപാത്രങ്ങൾ നമ്മളിൽ നിന്ന് വ്യത്യസ്തരല്ലായെന്ന് മനസ്സിലാക്കാം. രാഷ്ട്രത്തെ ധരിച്ചിരിക്കുന്നവൻ എ

ന്നാണ് ധൃതരാഷ്ട്രർ എന്ന വാക്കിനർത്ഥം. ധരിക്കുക ബുദ്ധിയുടെ പ്രക്രിയയാണ്. യാതൊരാളുടെ ബുദ്ധിയിലാണോ ഈ രാഷ്ട്രമുള്ളത് അല്ലെങ്കിൽ യാതൊരാളുടെ ബോധമാണോ രാഷ്ട്രത്തിന്റെ ഭൂവിഭാഗമായി (സമ്പൂർണ്ണ സ്ഥലമായി) വ്യാപിച്ച് കിടക്കുന്നത് അയാളാണ് ധൃതരാഷ്ട്രർ. എന്നാൽ ഈ ധൃതരാഷ്ട്രർ ജന്മനാ അന്ധനാണ്. കാണേണ്ടത് കാണേണ്ടതുപോലെ കാണാത്തവരെല്ലാം അന്ധരാണ്. ചുറ്റുപാടും നടക്കുന്നതു വേണ്ടതുപോലെ കാണുന്നില്ലെങ്കിൽ നമ്മളും അന്ധരാണ്. ഈ പ്രപഞ്ചം മുഴുവനും വ്യാപിച്ച് കിടക്കുന്ന ബോധം താനാണെന്ന് അറിയുന്നതിനുപകരം താൻ കാലത്തിലും ദേശത്തിലും അല്പവ്യാപിയാണ് എന്ന ബോധത്തോടെ ജീവിക്കുന്ന നാം എല്ലാവരും ധൃതരാഷ്ട്രരാണ്. ആയതിനാൽ ഈ ധൃതരാഷ്ട്രരിലൂടെ നമ്മുടെ കഥയാണ് പറയുന്നത്.

### സഞ്ജയൻ

സമ്യക്കാകുംവണ്ണം ജയിച്ചവനാണ് സഞ്ജയൻ. വഴിവിട്ട ഇന്ദ്രിയങ്ങളെ ജയിച്ചവൻ എന്നർത്ഥം. എന്നാൽ ഇന്ദ്രിയങ്ങളെ അവ ചെയ്യാൻ ഉദ്ദേശിച്ച കാര്യത്തിൽനിന്ന് പിന്തിരിപ്പിച്ചുക്കൊണ്ടല്ല ഇന്ദ്രിയനിഗ്രഹം നടത്തേണ്ടത്. പിന്നെ എങ്ങനെയെന്ന് ഗീതയിലൂടെ മനസ്സിലാകും. അങ്ങനെ ഇന്ദ്രിയനിഗ്രഹം നടത്തിയവനെ ഉൾക്കണ്ണ് തുറക്കുകയുള്ളൂ. അതുകൊണ്ട് സഞ്ജയൻ മഹാഭാരതയുദ്ധം കാണുന്നത് യുദ്ധക്കളത്തിൽ പോയിട്ടല്ല. നേരെമറിച്ച്, ധൃതരാഷ്ട്രരോട് ഒപ്പം കൊട്ടാരത്തിലിരുന്നുകൊണ്ടാണ്. ഈ വരദാനം അദ്ദേഹത്തിന് കൊടുക്കുന്നത് വേദവ്യാസമഹർഷിയാണ്. ഈ ഉൾക്കാഴ്ച ധൃതരാഷ്ട്രർക്ക് കൊടുക്കുവാനാണ് വ്യാസഭഗവാൻ വിചാരിച്ചത്. കാണേണ്ടത് കാണാൻ താല്പര്യമില്ലാത്തവർക്ക് ഉൾക്കാഴ്ചയുണ്ടാകുന്നത് അവർക്ക് സഹിക്കാൻ പറ്റാത്ത കാര്യമാണ്. അതുകൊണ്ട് തനിക്ക് അത് വേണ്ടാ എന്ന് ധൃതരാഷ്ട്രർ പറഞ്ഞു. വളരെ യോഗ്യനും ശ്രേഷ്ഠനും ആയിട്ടുള്ള സഞ്ജയന് ആ ഉൾക്കാഴ്ച കിട്ടി. മഹാഭാരതയുദ്ധം നടക്കുന്ന കാലഘട്ടത്തിൽ മാത്രമേ ഈ സിദ്ധിവിശേഷം വ്യാസമഹർഷി സഞ്ജയന് നല്കിയുള്ളൂ. യുദ്ധം തുടങ്ങിയതിനുശേഷം ധൃതരാഷ്ട്രരുടെ ചോദ്യവും പ്രതീക്ഷിച്ച് സഞ്ജയൻ കുറച്ച് ദിവസം ഇരുന്നു. കേൾക്കാൻ പോകുന്ന വാർത്തകൾ അശുഭകരങ്ങളാണെന്ന് തോന്നിയാൽ നമ്മളാരും കേൾക്കാൻ ആഗ്രഹിക്കാത്തതുപോലെ ധൃതരാഷ്ട്രരും ഒന്നും ചോദിച്ചില്ല. എന്നാൽ ഏതൊരച്ഛനുമുണ്ടാകുന്നതുപോലെയുള്ള ആകാംക്ഷ ധൃതരാഷ്ട്രർക്കും ഉണ്ടായിരുന്നു. കുറച്ച് ദിവസങ്ങൾക്കുശേഷം ധൃതരാഷ്ട്രരുടെ അനുമതിയോടെ യുദ്ധക്കളം സന്ദർശിക്കാനായി സഞ്ജയൻ പോയി. സഞ്ജയൻ യുദ്ധക്കളം സന്ദർശിച്ച ദിവസമായിരുന്നു ഭീഷ്മപിതാമഹൻ അർജ്ജുനന്റെ ശരങ്ങളേറ്റ് നിലംപതിച്ചത്. അത് യുദ്ധത്തിന്റെ പത്താം ദിവസമായിരുന്നു. ഭീഷ്മപിതാമഹന്റെ പതനവാർത്തയുമായിട്ടാണ് സഞ്ജയൻ ധൃതരാഷ്ട്രസമീപം തിരിച്ചെത്തുന്നത്. യുദ്ധക്കളത്തിൽ

കണ്ട കാര്യങ്ങൾ ധൃതരാഷ്ട്രർ ചോദിക്കാതെത്തന്നെ സഞ്ജയൻ പറയുവാൻ തുടങ്ങി. സഞ്ജയൻ ചിലതെല്ലാം പറഞ്ഞു. അത് കേട്ടപ്പോൾ ഒളിപ്പിച്ചുവച്ച ആകാംക്ഷ ധൃതരാഷ്ട്രർക്ക് പ്രകടമാക്കേണ്ടിവന്നു. അങ്ങനെയാണ് ധൃതരാഷ്ട്രർ ഗീതയിലെ ആദ്യശ്ലോകം ചൊല്ലുന്നത്.

(തുടരും)

## കുട്ടികളുടെ വാല്മീകി രാമായണം



2

ഉണ്ണികൃഷ്ണൻ കിഴുത്താനി

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിക്കുന്നു.)

---

കഴിഞ്ഞലക്കം തുടർച്ച

യാഗാശ്വത്തെ അഴിച്ചുവിട്ട് മറ്റ് രാജ്യങ്ങളിലൂടെ ആ കുതിര കടന്നുപോകുമ്പോൾ ഏതെങ്കിലുമൊരു രാജാവ് തടുത്തുനിർത്തിയാൽ, അവരെയെല്ലാം കീഴ്പെടുത്തി കുതിരയെ വീണ്ടെടുക്കുമ്പോൾ മാത്രമാണ് അശ്വമേധം പൂർണ്ണതയിലെത്തുക. ഈ അവസരത്തിൽ മന്ത്രിമുഖ്യനായ സുമന്ത്രർ അതിരഹസ്യമായൊരു കാര്യം മഹാരാജാവിനെ ധരിപ്പിച്ചു. സനൽകുമാരൻ, മുനിമാരോടു പറഞ്ഞ ഇക്കാര്യം സുമന്ത്രർ മനസ്സിലാക്കിയത്, അദ്ദേഹത്തിന്റെ ഗുരുവിൽനിന്നായിരുന്നു.

അംഗരാജാവായ ലോമപാദന്റെ അധർമ്മാചരണത്താൽ നാടും ജനങ്ങളും അറുതിയില്ലാത്ത വറുതിയിലായി. മഴയില്ലാത്തതുകൊണ്ട് രാജ്യം മരുഭൂമി സമാനമായി. അപ്പോൾ മാത്രമാണ് ലോമപാദന്റെ കണ്ണുതുറന്നത്. തുടർന്ന്, ധർമ്മചാരികളായ ബ്രാഹ്മണ ശ്രേഷ്ഠരുടെ ഉപദേശം തേടി. അവരുടെ അഭിപ്രായത്തിൽ, കാശ്യപപുത്രനായ വിഭാണ്ഡകന്റെ പുത്രനായ, ഋശ്യശൃംഗന്റെ ആഗമനം മാത്രമേ നാട്ടിൽ മഴ കൊണ്ടുവരികയുള്ളൂ എന്നായിരുന്നു. പക്ഷേ, ഇതത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. വിഭാണ്ഡകൻ തന്റെ മകനെ പുറംലോകമെന്തന്നറിയാതെ വളർത്തിവരികയായിരുന്നു. അച്ഛനെയല്ലാതെ മറ്റൊരു പുരുഷനേയോ സ്ത്രീയേയോ കാണുകയോ കേൾക്കുകയോ ഉണ്ടായിട്ടില്ല. പക്ഷേ, ആവശ്യക്കാരന് ഔചിത്യം ഇല്ലല്ലോ? സുന്ദരികളായ വേശ്യാസ്ത്രീകളുടെ സഹായത്തോടെ മുനികുമാരനെ വശീകരിച്ച് സ്വാദിഷ്ടമായ പലഹാരങ്ങളും നല്കി അംഗരാജ്യത്തെത്തിച്ചു. ഫലമോ, പുളകിതയായ ഭൂമി സന്തോഷാധിക്യത്താൽ മഴത്തുള്ളിയായി വർഷിച്ച് ആ പ്രദേശത്തെ ആകമാനം ഫലഭൂയിഷ്ടമാക്കി. മഹാരാജാവ് മകളായ ശാന്തയെ വിവാഹം ചെയ്തു കൊടുക്കുകയും ചെയ്തു.

ഇത്രമാത്രം ശ്രേഷ്ഠനായ ഋശ്യശൃംഗനാണ് യജ്ഞത്തിന് നേതൃത്വം നല്കേണ്ടതെന്ന വസിഷ്ഠാദി മുനികളുടെ ഉപദേശത്തെ ദശരഥൻ ശിരസ്സാവഹിച്ചു. ലോമപാദമുനിയിൽനിന്നനുഗ്രഹവും വാങ്ങി ഋശ്യശൃംഗനേയും പത്നിയേയും അയോദ്ധ്യാപുരി വൻവരവേൽപ്പോടെ സ്വീകരിച്ചു. കുറച്ചുനാൾ ദശരഥന്റെയും പത്നിമാരുടെയും ആതിഥ്യമനുഭവിച്ചതിനുശേഷം, ഒരു വസന്തകാലാരംഭത്തോടെ യജ്ഞത്തിനുള്ള ഒരുക്കങ്ങളാരംഭിച്ചു. കുലഗുരുവായ വസിഷ്ഠൻ ചുമതല ഏറ്റെടുത്തതോടെ ദശരഥനും പത്നിമാരും അതീവ സന്തുഷ്ടരായി. യാഗാശ്വത്തിന്റെ വിജയശ്രീലാളിതമായ വരവിനുശേഷം ഋശ്യശൃംഗന്റെ പ്രധാന കാർമ്മികത്വത്തിൽ ശാസ്ത്രാനുസാരം യാഗം ആരംഭിച്ചു.

ഇന്ദ്രാദിദേവതകളെ സാമമന്ത്രം ഉരുക്കഴിച്ച് സന്തോഷിപ്പിച്ചതിനുശേഷം ആവാഹിച്ച് മന്ത്രസമേതം ഹോമം ആരംഭിച്ചു. 'ചതുഷ്ടോമം', 'ഉത്ഥ്യം', 'അതിരാത്രം' എന്നിങ്ങനെ മൂന്നു ദിവസം യാഗം നീണ്ടുനിന്നു. ധാതാവിന്റെ നിശ്ചയം പോലെ ദശരഥ മഹാരാജാവ്, യാഗാവസാനം കിഴക്കേ ദിക്ക് ഹോതാവിനും പടിഞ്ഞാറ് അധ്വാദ്ധ്രാവിനും തെക്ക് ബ്രഹ്മനും വടക്ക് ഉദ്ഗാതാവിനും ദക്ഷിണയായി നല്കി. ഈ ഭൂമിയെല്ലാം തിരികെ സ്വീകരിച്ച് പകരം എന്തെങ്കിലും നല്കിയായാൽ മതിയെന്ന ഋത്വിക്കുകളുടെ അഭ്യർത്ഥന മാനിച്ച് പത്തുകോടി കനകവും അതിന്റെ നാലിരിട്ടി വെള്ളിയും പത്തു ലക്ഷം പശുക്കളേയും നല്കി മഹാരാജാവ് ഭൂമി തിരിച്ചെടുത്തു. കൂടാതെ യജ്ഞത്തിൽ പങ്കെടുത്തവർക്കെല്ലാം ഉചിതമായ പാരിതോഷികങ്ങൾ നല്കി സന്തുഷ്ടരാക്കി. അതിനുശേഷം തന്റെ വംശവർദ്ധനവിനായി വേണ്ടത് ചെയ്തനുഗ്രഹിക്കണമെന്ന് ദശരഥ മഹാരാജാവ് ഋശ്യശൃംഗനോട് അപേക്ഷിച്ചു.

രാജാവിന്റെ അഭ്യർത്ഥന മാനിച്ച് മുനിവര്യനും യഥാവിധി പുത്രകാമേഷ്ടിയാഗമനുഷ്ഠിച്ചു. സംതൃപ്തരായ ദേവതകൾ സ്തോത്രങ്ങൾകൊണ്ട് ഭഗവാനെ സ്തുതിച്ചു. ഇതേ തുടർന്ന്, വെളുത്ത മീശയും തലമുടിയും തുടുത്ത മുഖവുമായി, ചുവന്ന വേഷത്തോടെ, ദിവ്യാഭരണവിഭൂഷിതനായ ഒരു ദേവത തിളങ്ങുന്ന സ്വർണ്ണപാത്രവുമായി 'യാഗാഗ്നി'യിൽനിന്നുയർന്നുവന്ന് വിനീതനായ രാജാവിന് അനുഗ്രഹാശിസ്സുകളോടെ ആ പാത്രത്തിലെ പായസം നല്കി. പ്രജാപതിയുടെ ദൂതനാണ് ദേവനിർമ്മിതമായ പായസവുമായി ആവിർഭവിച്ചത്. ഇത് പത്നിമാർക്ക് പകുത്തു നല്കണമെന്നാവശ്യപ്പെട്ട് ആ ദിവ്യരൂപം അന്തർധാനം ചെയ്തു. സന്തുഷ്ടനായ ദശരഥൻ പകുതിപ്പായസം കൗസല്യക്കും ബാക്കിയുണ്ടായിരുന്നതിന്റെ പകുതി സുമിത്രയ്ക്കും അതിൽ ബാക്കിയുള്ളതിന്റെ പകുതി കൈകേയിക്കും പ്രാർത്ഥനയോടെ നല്കി. അവശേഷിച്ചത് വീണ്ടുമൊരിക്കൽക്കൂടി സുമിത്രയ്ക്ക് നല്കുകയും ചെയ്തു.

(തുടരും)

# വേദാർത്ഥവിചാരം – 2

പ്രകാശ് ഡി.

കഴിഞ്ഞലക്കം തുടർച്ച

**ആശയം : വക്ത്വാനാം മേളിം**

വേദാദിശാസ്ത്രാർത്ഥങ്ങളെ ശിഷ്യബുദ്ധിയിൽ സന്നിവേശിപ്പിക്കുന്നവൻ എന്നർത്ഥം പറയാം . കുട്ടികൾക്ക് മനസ്സിലാകുന്ന വിധത്തിൽ പറഞ്ഞു കൊടുക്കുന്നവനാകണം അദ്ധ്യാപകൻ എന്ന് ഇത് സൂചിപ്പിക്കുന്നു. പഠിപ്പിക്കേണ്ട വിഷയങ്ങൾ അദ്ധ്യാപകന്റെ നിലവാരത്തിൽ നിന്നാൽ വിദ്യാർത്ഥികൾ മനസ്സിലാക്കില്ല. അവരുടെ നിലവാരം എന്തെന്ന് കണ്ടെത്തി ആ നിലവാരത്തിലേയ്ക്ക് വിഷയങ്ങളെ ഇറക്കി കൊണ്ടുവന്ന് വിദ്യാർത്ഥികളുടെ ബുദ്ധിയുമായി മേളിപ്പിക്കുന്നവനാകണം അദ്ധ്യാപകൻ.

**ആശയം : പിത്രോഃ ഉപസ്ഥേ മദന്തം**

ദ്യാവാപൃഥിവികളുടെ സമീപം അതിശയകരമായ ജ്ഞാനത്താൽ സന്തോഷിക്കുന്നവൻ എന്നാർത്ഥമാണ് സായണാചാര്യൻ വാച്യാർത്ഥമായി നൽകിയിരിക്കുന്നത്. സ്വർഗ്ഗത്തിലും ഭൂമിയിലും വച്ച് അത്യന്തം ജ്ഞാനസമ്പന്നനും അതിൽ സന്തോഷിക്കുന്നവനുമാണ് ആചാര്യൻ. പിത്രോഃ എന്നതിന് വിദ്യാർത്ഥികളുടെ അച്ഛനമ്മമാർ എന്നർത്ഥം പറഞ്ഞാൽ അവരുടെ മുമ്പിൽ അഭിമാനത്തോടെ നിൽക്കുന്നവനാണ് ഇവിടെ വിവരിക്കുന്ന അദ്ധ്യാപകൻ. അച്ഛനമ്മമാരാണ് ആദ്യത്തെ അദ്ധ്യാപകരെന്ന് ഭാരതീയർ കരുതുന്നു. അവർ സന്താനങ്ങളിൽ ചില സദ്ഗുണങ്ങൾ വളർത്തിയിട്ടുണ്ടാകും. അത് നിലനിർത്തേണ്ടതും പരിപോഷിപ്പിക്കേണ്ടതുമായ ചുമതല അദ്ധ്യാപകർക്കാണ്. ഇന്ന് ഈ ഉത്തരവാദിത്വം അദ്ധ്യാപകർക്ക് ഇരട്ടിച്ചിട്ടുണ്ട്. ഇപ്രകാരം വിദ്യാർത്ഥികളെ സ്വഭാവത്തിന്റെ ഉന്നതശ്രേണിയിലെത്തിച്ചാൽ അദ്ധ്യാപകർ കൃതകൃത്യരായി. ആ അഭിമാനത്തോടെ അച്ഛനമ്മമാരുടെ മുമ്പിൽ നിൽക്കാൻ സാധിക്കുന്നവരാകണം അദ്ധ്യാപകർ. ഇയ്യൊരാശം ഇവിടെ കാണാം.

**ആശയം : സത്യവാചം**

അറിയേണ്ടതായിട്ട് ഒന്നുമില്ലാത്തതിനാൽ മറ്റൊരാളിൽനിന്ന് മറച്ച് വയ്ക്കേണ്ടതായിട്ടും അദ്ധ്യാപകന് ഒന്നുമില്ല. തികഞ്ഞ വിജ്ഞനായിരിക്കണം അദ്ധ്യാപകനെന്നും അതിനാൽ സത്യമല്ലാതെ ഒന്നുംതന്നെ അദ്ദേഹത്തിന്റെ മനസ്സിൽ ഇല്ലെന്നും ഇതിൽനിന്ന് മനസ്സിലാക്കാം. അതുകൊണ്ട് വാക്ക്, ചിന്ത, പ്രവൃത്തി എന്നീ മൂന്നിലും സത്യസന്ധത പുലർത്തുന്നവനായിരിക്കണം അദ്ധ്യാപകനെന്ന് ഇത് കാണിക്കുന്നു.

**ആശയം : ആചാര്യം**

ശാസ്ത്രാർത്ഥങ്ങളെ കണ്ടെത്തി അത് പ്രായോഗികതലത്തിൽ കൊണ്ടുവ ന്നവനമാകണം അദ്ധ്യാപകൻ. ആചാര്യപദത്തിന്റെ അർത്ഥം 'ആചിനോതി ശാസ്ത്രാർത്ഥാൻ ആചാരേ സ്ഥാപയത്യപി' എന്ന നിരുക്തി കാണിച്ച് തരുന്നു. വിദ്യാഭ്യാസപദ്ധതിയെക്കുറിച്ച് പറയുമ്പോൾ അധീതി, ബോധം, ആചാരം, പ്ര ചാരം എന്നീ പടികൾ പൂർവസൂരികൾ പറഞ്ഞുതരുന്നുണ്ടല്ലോ.

**ആശയം : പിപൃതം**

ശിഷ്യരുടെ ഈ പ്രാർത്ഥന ദ്യാവാപൃഥിവികളോടാണ്. പിപൃതം എന്ന തിന് ആവശ്യമുള്ളത് കൊടുത്തുക്കൊണ്ട് ആചാര്യനെ സമ്പൂർണ്ണനാക്കിയാലും എന്നാണ് സായണാചാര്യൻ അർത്ഥം പറഞ്ഞിട്ടുള്ളത്. പൃ പാലനപൂരണയോഃ എന്ന ധാതുവിൽ നിന്നാണ് പിപൃതം എന്ന പദത്തിന്റെ ഉല്പത്തി. അതുകൊണ്ട് പാലനവും അഭ്യുദയവും ഇപ്പദംകൊണ്ട് സൂചിപ്പിക്കുന്നു.

ദ്യാവാപൃഥിവികളാകട്ടെ സമസ്തപ്രപഞ്ചവുമാണ്. നമ്മുടെ പ്രപഞ്ചമാകട്ടെ ഇന്നത്തെ നിലയ്ക്ക് ജനാധിപത്യ രാജ്യമായതുകൊണ്ട് ഇന്നാട്ടിലെ ജനങ്ങളാണ്. ആയതിനാൽ സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും കടമയാണ് മേൽപറ ഞ്ഞപ്രകാരമുള്ള അദ്ധ്യാപകരെ സംരക്ഷിക്കുക എന്നത്. ഇപ്രകാരം അദ്ധ്യാ പകരുടെ അഭ്യുദയത്തിന് വേണ്ടിയുള്ള പ്രാർത്ഥന ശിഷ്യരുടെയും അവരുടെ പരിപാലനം സാമജത്തിന്റെയും കർത്തവ്യമാണെന്ന് ഈ മന്ത്രം നമ്മളെ ഓർ മ്മപ്പെടുത്തുന്നു.

(തുടരും)

ഔഷധസസ്യങ്ങൾ – 9

## കണിക്കൊന്ന

ഉണ്ണികൃഷ്ണൻ കിഴുത്താനി

'ഏതു ധൂസര സങ്കല്പത്തിൽ വളർന്നാലും
ഏതു യന്ത്രവൽകൃതലോകത്തിൽ പുലർന്നാലും
മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ വെളിച്ചവും
മണവും മമതയും ഇത്തിരിക്കൊന്നപ്പൂവും' –

എന്ന് മഹാകവി വൈലോപ്പിള്ളിയെക്കൊണ്ട് എഴുതിക്കാൻ കഴിഞ്ഞ ക ണിക്കൊന്നയെപ്പറ്റിയാണ് ഇപ്രാവശ്യം പരാമർശിക്കുന്നത്. കണിക്കൊന്നയുടെ കൈനീട്ടമായ പൂവ് കണികണ്ടുകൊണ്ടാണ് കേരളീയർ വിഷു ആഘോഷിക്കു ന്നത്. സ്വർണ്ണസങ്കല്പങ്ങൾക്ക് ചാരുത പകരുന്ന കർണ്ണികാരപ്പൂക്കൾ വസന്ത

ട്ടുവിന്റെ ലഹരികൂടിയാണ്.

ആരഗ്വധ, രാജവൃക്ഷ, ശ്യാമ എന്നീ പേരുകളിൽ അറിയപ്പെടുന്ന ഈ സസ്യം ഇന്ത്യയിൽ സാർവ്വത്രികമായി കണ്ടുവരുന്നു. ഇത് തണൽവൃക്ഷമായും അലങ്കാരച്ചെടിയായും വളർത്താറുണ്ട്.

അലർജ്ജി (ശീതപിത്തം) ക്ക് പ്രധാന ശമനൗഷധമാണ്. രക്തശുദ്ധി ഉണ്ടാക്കുന്നു. രോപണവുമാണ്. മലബന്ധം പൂർണ്ണമായി ഇല്ലായ്മ ചെയ്യുന്നു. മാത്രമല്ല, വാതം, പിത്തം, കഫം എന്നീ ത്രിദോഷങ്ങളേയും ശമിപ്പിക്കുന്നു. ഇതിന് മൃദുസ്നിഗ്ദ്ധഗുണങ്ങളും, മധുരരസവും ശീതവീര്യവുമുണ്ട്. മധുരവിപാകവുമാണ്.

ബാഹ്യമായ വ്രണങ്ങൾ, സന്ധിവാതം, ആമവാതം തുടങ്ങിയ രോഗങ്ങൾക്ക് കൈകണ്ട ഔഷധമാണ്. ഫലമജ്ജ, വേരിന്മേൽ തൊലി, പുഷ്പം, ഇല ഇവയെല്ലാം ഔഷധാവശ്യങ്ങൾക്കുപയോഗിക്കുന്നു.

കൊന്നത്തൊലി കഷായം വച്ച് 30 മില്ലി വീതം രാവിലെയും വൈകീട്ടും സേവിച്ചാൽ എല്ലാ ത്വക്ക് രോഗങ്ങളും ശമിക്കും. ഇതുതന്നെ എണ്ണയുണ്ടാക്കി പുറമെ പുരട്ടുകയും ചെയ്യാം.

കൊന്നത്തൊലി, ചന്ദനം, ത്രിഫലത്തൊണ്ട്, മുന്തിരിങ്ങാപ്പഴം, ഇവ സമം ചേർത്ത് കഷായം വച്ച് സേവിച്ചാൽ, നരയും പതയുമായി ദുർഗന്ധത്തോടുകൂടി പോകുന്ന മൂത്രത്തിന് ശമനം കിട്ടും.

ആരഗ്വധാദി തൈലം, ആരഗ്വധാസവം, ആരഗ്വധാദി യമകം, ആരഗ്വധാദി ലേഹം, ആരഗ്വധ മഹാതിക്തം തുടങ്ങിയവയിൽ ഇതു പ്രധാന ചേരുവയാണ്.